# താമരമൊട്ടുകൾ

വാല്യം 22 | സെപ്റ്റംബർ 2020 | ലക്കം 09 | Price ₹ 25



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-08-2020 |



**വി. വിൻസെന്റ് ഡി പോൾ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ....**

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

വാല്യം 22 താമരമൊട്ടുകൾ സെപ്റ്റംബർ 2020 e ¡ w 09

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്ര. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 357 |
| 2. | പ്രോഗ്രാം സെപ്റ്റംബർ 2020 | 359 |
| 3. | സർക്കുലർ - എട്ടുനോമ്പാചരണം | 360 |
| 4. | സർക്കുലർ - എട്ടുനോമ്പാചരണം | 361 |
| 5. | സർക്കുലർ - ബഫർസോൺ | 365 |
| 6. | സർക്കുലർ - സിനഡനന്തര സർക്കുലർ | 369 |
| 7. | സർക്കുലർ - കോവിഡ് - അജപാലനശുശ്രൂഷ | 376 |
| 8. | കച്ചേരിക്കാര്യം | 380 |
| 9. | മതബോധനം | 383 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 386 |
| 11. | തിരുബാലസഖ്യം | 392 |
| 12. | കെ.സി.വൈ.എം | 396 |
| 13. | ലിറ്റർജി കമ്മീഷൻ | 398 |
| 14. | മാതൃവേദി | 399 |
| 15. | കുടുംബകൂട്ടായ്മ | 401 |
| 16. | മദ്യവിരുദ്ധ സമിതി | 402 |
| 17. | എ.കെ.സി.സി | 403 |
| 18. | മനോമയ | 404 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 405 |
| 20. | സ്റ്റാർട്ട് | 406 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 407 |
| 22. | അജപാലനക്കുറിപ്പുകൾ | 408 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Puthiyedath Francis | September | 3 |
| Puhenpurackal Jacob | | 5 |
| Thoomullil Mathew | | 5 |
| Kozhuvanal Antony | | 8 |
| Malapravanal Thomas | | 8 |
| Kuttikatt George | | 13 |
| Pulimoottil Mathew (Jr) | | 14 |
| Mannancheril Joseph | | 17 |
| Parathottathil Sebastian | | 18 |
| Eyyalil Thomas | | 21 |
| Chirakandathil Jose | | 24 |
| Kalathil Joseph | | 26 |
| Karukamalil George | | 27 |
| Areethara Jacob | | 29 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chembuthookil Mathew | September | 21 |
| Cheruvelil Mathew | | 21 |
| Choorapoikayil Mathew | | 21 |
| Kandassamkunnel Mathew | | 21 |
| Kollamparambil Mathew | | 21 |
| Koramkott Mathew | | 21 |
| Kottackal Mathew | | 21 |
| Kulathingal Mathew | | 21 |
| Mangalamadathil Mathew | | 21 |
| Mattakottil Mathew | | 21 |
| Mavely Mathew | | 21 |
| Mulangassery Mathew | | 21 |
| Munjanatt Mathew | | 21 |
| Nezhukumkattil Mathew | | 21 |
| Nirappel Mathew | | 21 |
| Onayathumkuzhy Mathew | | 21 |
| Panachipuram Mathew | | 21 |
| Peruvelil Mathew | | 21 |
| Plathottathil Mathew | | 21 |
| Pulimoottil Mathew (Sr) | | 21 |
| Pulimoottil Mathew (Jr) | | 21 |
| Pullolickal Mathew | | 21 |
| Thadathil Mathew | | 21 |
| Thakidiel Mathew | | 21 |
| Thekkumcherikunnel Mathew | | 21 |
| Thittayil Mathew | | 21 |
| Thoomullil Mathew | | 21 |
| Ezhanikatt Vincent | | 27 |
| Kandathil Vincent | | 27 |
| Karukamalil Vincent | | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം സെപ്റ്റംബർ 2020

| | | |
|---|---|---|
| 01 | ചൊവ്വ | **എട്ടുനോമ്പാരംഭം** |
| 05 | ശനി | **വി. മദർ തെരേസ,** |
| | | ചരമദിനം: ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം (2007) |
| 08 | ചൊവ്വ | **പരി. കന്യകമറിയത്തിന്റെ ജനനത്തിരുന്നാൾ** |
| 12 | ശനി | **വി. ജോൺ ക്രിസോസ്തോം,** PBI: Class ADCT |
| 14 | തിങ്കൾ | **വി. കുരിശിന്റെ പുകഴ്ച** |
| 21 | തിങ്കൾ | **വി. മത്തായി** |
| 26 | ശനി | **വി. വിൻസെന്റ് ഡി പോൾ** |
| 29 | ചൊവ്വ | **മിഖായേൽ, ഗബ്രിയേൽ, റാഫേൽ മാലാഖമാർ** |
| 30 | ബുധൻ | **വി. ജെറോം** |



Prot. No. 0989/2020 24.08.2020

**സർക്കുലർ**

# എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയുംകുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ

സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

*ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

*സർക്കുലർ 05/2020*

# എട്ടുനോമ്പാചരണം -2020

നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ പ്രത്യേക നിർദ്ദേശാനുസരണം ഈ വർഷത്തെ എട്ടുനോമ്പ് കൂടുതൽ തീഷ്ണവും സജീവവുമായി ആചരിക്കാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്.

കോവിഡ് മഹാമാരിമൂലം ലോകത്താകമാനം സംജാതമായിരിക്കുന്ന ഭീതിയും അസ്വസ്ഥതയും നാൾക്കുനാൾ വർദ്ധിക്കുകയാണ്. നമ്മുടെ നാട്ടിൽ രോഗവ്യാപനം നിയന്ത്രണാതീതമായിരിക്കുന്നു.

അതോടൊപ്പംതന്നെ മഹാമാരിമൂലം സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിലും വലിയ പ്രതിസന്ധി ഉടലെടുത്തിരിക്കുകയാണ്. ജനങ്ങൾ പൊതുവേ നിരാശയിലും ഭയപ്പാടിലുമാണ് കഴിയുന്നത്. കുട്ടികളുടെ പഠനം, തൊഴിൽ തുടങ്ങിയ കാര്യങ്ങൾ വലിയ അനിശ്ചിതത്വത്തിലായിരിക്കുന്നത് മാതാപിതാക്കളെയും അസ്വസ്ഥരാക്കുന്നു.

ആദ്ധ്യാത്മിക, സാമൂഹ്യ ജീവിതത്തിന്റെ താളക്രമം ആകെ തെറ്റിയിരിക്കുന്നു. ടെലിവിഷനിലൂടെ വിശുദ്ധ കുർബാനയിലും മറ്റും നമ്മുടെ ആളുകൾ പങ്കെടുക്കുന്നുണ്ടെങ്കിലും വിശുദ്ധ കുർബാനയോടുള്ള ഒരു ജീവാത്മകമായ ബന്ധം, ദൈവാലയത്തിൽ പോയി നേരിട്ടുള്ള പങ്കാളിത്തത്തിലൂടെ ലഭിക്കുന്നതുപോലെ ഓൺലൈൻ കുർബാനയിൽ ലഭിക്കുന്നില്ലല്ലോ. മതബോധനത്തിന്റെ കാര്യവും അങ്ങനെതന്നെ.

ഭക്തസംഘടനകളിലെ പ്രവർത്തനങ്ങൾ വഴിയാണല്ലോ നമ്മുടെ വിശ്വാസബോധ്യങ്ങൾ സാക്ഷാത്കരിക്കുകും പ്രായോഗികമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങൾ മുതിർന്നവർക്കും കുട്ടികൾക്കും തങ്ങളുടെ ക്രിസ്തീയ വ്യക്തിത്വം പ്രകാശിപ്പിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും അനുപേക്ഷണീയമാണ്.

കല, കായിക, സാംസ്കാരിക രംഗങ്ങളിലും പൊതുവിലുള്ള നിർജ്ജീവാവസ്ഥ പ്രകടമാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൊതുപ്രവർത്തനങ്ങൾക്കുണ്ടായ നിയന്ത്രണം അനാശാസ്യമായ പല പ്രവണതകളും വളർന്നുവരുന്നതിനിടയാക്കി. ചുരുക്കത്തിൽ ജനങ്ങളുടെ ജീവിതത്തിന്റെ സമസ്തമേഖലകളും കോവിഡ് മഹാമാരിയുടെ വ്യാപനത്തോടെ താറുമാറായിരിക്കുന്നു.

കൂടാതെ കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വേറെയും. മലബാർ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന കരട് വിജ്ഞാപനപ്രകാരം വന്യജീവി സങ്കേതമായി കണക്കാക്കിയിട്ടുള്ള 74.22 ചതുരശ്ര കിലോമീറ്റർ റിസർവ്വ് വനഭൂമിയ്ക്കു ചുറ്റുമുള്ള ഒരു കിലോമീറ്റർ

വായുദൂരം പരിസ്ഥിതി സംവേദക മേഖലയാക്കാനുള്ള നിർദ്ദേശം ഉള്ളതായി കാണുന്നു. അങ്ങനെ വന്നാൽ ചക്കിട്ടപാറ, ചെമ്പനോട, ചങ്ങരോത്ത്, പേരാമ്പ്ര, കൂരാച്ചുണ്ട്, കാന്തലാട്, കട്ടിപ്പാറ, കെടവൂർ, പുതുപ്പാടി, തരിയോട്, പൊഴുതന, അച്ചൂരാനം, കുന്നത്തിടവക എന്നീ 13 റവന്യൂവില്ലേജുകളിലെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും, ഈ വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ വായുദൂരത്തിൽ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കേണ്ടിവരും. ഈ സ്ഥലങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് വളരെയേറ ബുദ്ധിമുട്ടുകളുണ്ടാക്കുന്ന ഈ ശുപാർശകൾ പൗരന്റെ ജീവിക്കാനുള്ള അവകാശത്തെ കവർന്നെടുക്കുന്നതാണ്. മാധവ്ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് പരിസ്ഥിതിവാദികൾ സുപ്രീംകോടതിയിൽ നല്കിയിരിക്കുന്ന ഹർജിയും ജനജീവിതത്തിന് ഭീഷണിയായി വന്നിരിക്കുന്നു. കൃഷിയും കൃഷിയിടങ്ങളും നശിപ്പിക്കുന്ന വന്യമൃഗങ്ങളുടെ ശല്യവും ദുരിതങ്ങളുടെ ആഴംകൂട്ടുന്നു. ഇപ്രകാരം വിവിധങ്ങളായ പ്രശ്നങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുന്ന നമ്മുടെ ജീവിതത്തിന്റെ താളക്രമം വീണ്ടെടുക്കാൻ ലോകമാതാവും സ്വർഗീയ രാജ്ഞിയുമായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തീഷ്ണതയോടെ തേടുവാനുള്ള അവസരമായി ഈ വർഷത്തെ എട്ടുനോമ്പാചരണത്തെ എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അമ്പതുനോമ്പിലേതുപോലെ ഈ എട്ടുനോമ്പുദിവസങ്ങളിലും മത്സ്യവും മാംസവും വർജ്ജിക്കണമെന്നും നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസമനുഷ്ഠിക്കണമെന്നും അന്നേദിവസം പ്രാർത്ഥനാദിനമായി ആചരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പംതന്നെ ഇടവക ദൈവാലയങ്ങളിൽ ദിവ്യകാരുണ്യ ആരാധന നടത്തി, ഇടവകയിലെ ഓരോ കുടുംബത്തിലെയും കുടുംബാംഗങ്ങൾ ഒരുമിച്ച് ഒരു ജപമാലയെങ്കിലും ചൊല്ലി ആരാധനയിൽ പങ്കെടുക്കുവാനുള്ള അവസരം, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, നല്കുന്നത് ഉചിതമായിരിക്കും. കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നതും ഏറെ അഭികാമ്യമാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ ദൈവജനത്തെ അറിയിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

രോഗികളുടെ ആരോഗ്യമായ പരിശുദ്ധ അമ്മ അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവളാണെന്ന് അനുഭവത്തിലൂടെ അറിഞ്ഞിട്ടുള്ള വരാണല്ലോ നമ്മൾ. അതുകൊണ്ട് ഒട്ടും സംശയിക്കാതെ നിറഞ്ഞ വിശ്വാസത്തോടെ പരിശുദ്ധ അമ്മയിൽ നമുക്കാശ്രയിക്കാം. എന്നാൽ മാദ്ധ്യസ്ഥ്യം യാചിക്കുന്നതോടൊപ്പംതന്നെ പരിശുദ്ധ അമ്മ ആവശ്യപ്പെടുന്ന മറ്റൊരു കാര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. അത് മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുക എന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ മുന്നൂറോളം തവണ വിവിധ ദേശങ്ങളിൽ പ്രത്യക്ഷപ്പെട്ട് പരി. മാതാവ് ആവശ്യപ്പെട്ടത് തന്റെ പുത്രന്റെ കുരിശിലെ ബലിയുടെ യോഗ്യത സ്വന്തമാക്കാൻ വലിയ മാനസാന്തരം ആവശ്യമാണെന്നാണ്. പ്രതിവർഷം നടക്കുന്ന അഞ്ചുകോടിയിലേറെ ഭ്രൂണഹത്യ, ക്രൈസ്തവ പീഡനം, മനുഷ്യക്കടത്ത്, ലഹരി ഉപയോഗം, അഴിമതികൾ തുടങ്ങിയ തിന്മകൾ ഇല്ലായ്മ ചെയ്യാൻ നമുക്കൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. ഏവർക്കും മാതാവിന്റെ ജനനത്തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ



സർക്കുലർ 6/2020 താമരശ്ശേരി

20.08.2020

**മലബാർ വന്യജീവി സങ്കേതത്തിനുചുറ്റുമുള്ള ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട്, ജനങ്ങളുടെ ജീവനും സ്വത്തിനും നേരെ ഉയരുന്ന വെല്ലുവിളി സർക്കാർഅവസാനിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട്, താമരശ്ശേരി രൂപതാദ്ധ്യക്ഷനും ഇൻഫാം ദേശീയ രക്ഷാധികാരിയും കർഷക ഐക്യസമിതി രക്ഷാധികാരിയുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പുറപ്പെടുവിക്കുന്ന സർക്കുലർ**

പ്രിയ സഹോദരങ്ങളെ,

കോഴിക്കോട് ജില്ലയിലെ മലബാർ വന്യജീവി സങ്കേതത്തിനു ചുറ്റിനും ഇക്കോ സെൻസിറ്റീവ് സോണായി (ESZ - പരിസ്ഥിതിലോല മേഖല) പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം (S.O. 2634 (F) dated 05.08.2020) കരട് വിജ്ഞാപനം പുറത്തിറക്കിയിരിക്കുകയാണ്. കൊയിലാണ്ടി താലൂക്കിൽപ്പെട്ട ചക്കിട്ടപാറ, ചെമ്പനോട വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നതും, പലയിടത്തും അതിർത്തികൾ വരെ കൃത്യമായി നിർണയിക്കപ്പെടാത്തതും, 74.22 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ടെന്നു വനം വകുപ്പ് അവകാശപ്പെടുന്നതുമായ പ്രദേശമാണ് മലബാർ വന്യജീവി സങ്കേതം. ഈ വന്യജീവിസങ്കേതത്തിനു ചുറ്റും ഒരു കിലോമീറ്റർ വായുദൂരത്തിൽ ചെമ്പനോട, ചക്കിട്ടപാറ, ചങ്ങരോത്ത്, പേരാമ്പ്ര, കൂരാച്ചുണ്ട്, കാന്തലാട്, കട്ടിപ്പാറ, കെടവൂർ, പുതുപ്പാടി, തരിയോട്, പൊഴുതന, അച്ചൂരാനം, കുന്നത്തിടവക എന്നീ 13 റവന്യൂവില്ലേജുകളിലെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും പരിസ്ഥിതിലോല മേഖല ആയി പ്രഖ്യാപിക്കാൻ ആണ് സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെയുള്ള ഈ കരട് വിജ്ഞാപനം.

വന്യജീവിസങ്കേതവും, പരിസ്ഥിതിലോലപ്രദേശങ്ങളും പ്രഖ്യാപിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയും, നിയമവശങ്ങൾ ഒന്നും പരിഗണിക്കാതെയും പ്രദേശത്തെ ജനജീവിതത്തെ ദുരിതപൂർണമാക്കുന്ന വിധത്തിലുമാണ് ഈ കരടുവിജ്ഞാപനം.

കേവലം 74.22 ചതുരശ്ര കിലോമീറ്റർ (7422 ഹെക്ടർ) മാത്രം വി

സ്തൃതിയുള്ള ഈ വന്യജീവിസങ്കേതത്തിനു ചുറ്റുമായി മതിയായ രേഖകളോടെ, ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും, കൃഷി ചെയ്തു ഉപജീവനം നയിച്ചുവരുന്നതും, കൊയിലാണ്ടി, താമരശ്ശേരി, വൈത്തിരി താലൂക്കുകളിൽപ്പെടുന്നതുമായ 5360 ഹെക്ടർ കൃഷിഭൂമിയാണ്, പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കുന്നത്. ആയിരക്കണക്കിന് വീടുകളും, പതിനായിരക്കണക്കിന് ആളുകളും, സർക്കാർ അർദ്ധസർക്കാർ സ്ഥാപങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആരാധനാലയങ്ങളും, ആശുപത്രികളും, പ്രധാന റോഡുകളും, മാർക്കറ്റുകളും, അങ്ങാടികളും, സ്ഥാപനങ്ങളും, ചെറുകിട നാമമാത്ര വ്യവസായങ്ങളും, റബർ, തെങ്ങ്, കൊക്കോ, ഇഞ്ചി, കുരുമുളക്, കപ്പ തുടങ്ങിയ കൃഷികളും അടങ്ങുന്നതാണ് പ്രസ്തുത റവന്യൂ ഭൂമി. ഇതു മുഴുവൻ ഇടതൂർന്ന കൃഷിയിടങ്ങൾ ആണെന്നും റബ്ബർ, തെങ്ങ് എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷി എന്നും ജനങ്ങളുടെ വരുമാനമാർഗ്ഗം കൃഷിയും, കൃഷി ചെയ്തിട്ടുള്ള കൂലിയും ആണെന്നും കരടിൽ തന്നെ പറയുന്നുണ്ട്. ഈ പ്രദേശങ്ങളാണ് വനനിയമങ്ങൾ നടപ്പാക്കണമെന്നും, പരിസ്ഥിതിലോല പ്രദേശങ്ങൾ ആക്കണമെന്നും ശുപാർശ ചെയ്തിരിക്കുന്നത്.

കഴിഞ്ഞ നവംബർ മാസത്തിൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തന്നെ, സംസ്ഥാന സർക്കാറുകൾക്കാണ് വനാതിർത്തികൾ നിർണയിക്കുന്നതിന് അധികാരം എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഈ അധികാരമുപയോഗിച്ച് ജനവാസകേന്ദ്രങ്ങളും കൃഷിഭൂമിയും പരിസ്ഥിതിലോല മേഖലയുടെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ താത്പര്യമെടുക്കാതെയാണ് ഇത്തരമൊരു ശുപാർശ കേന്ദ്രത്തിന് നൽകിയിരിക്കുന്നത്.

വിജ്ഞാപനം വന്നാൽ നിർദ്ദിഷ്ട പരിസ്ഥിതിലോല പ്രദേശത്ത് ആദിവാസികൾക്കടക്കം കൃഷിക്ക് മുൻകൂർ അനുവാദം തേടൽ, എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിരോധനം, താമസ സൗകര്യങ്ങൾക്കു പോലും മുൻകൂർ അനുമതി തേടൽ തുടങ്ങി നിരവധി കർശന നടപടികളും നിയന്ത്രണങ്ങളും അടിച്ചേൽപ്പിക്കും. അടിസ്ഥാന വികസന സൗകര്യങ്ങൾ, കൃഷി, ഹോട്ടലുകൾ, കടമുറികളടക്കമുള്ള വാണിജ്യാവശ്യകെട്ടിട നിർമ്മാണം, പുതിയ ഭവന നിർമ്മാണം, ചെറുകിട നാമമാത്ര വ്യവസായങ്ങൾ ഇവയൊക്കെ തടയപ്പെടും. റോഡുകളുടെ ബലപ്പെടുത്തൽ,

റീടാറിങ്ങും വീതി കൂട്ടലും, പുതിയ റോഡുകളുടെ നിർമ്മാണം, വാഹനഇന്ധന നിയന്ത്രണം, രാത്രി യാത്ര നിരോധനം, കോഴി, ഡയറി - ഡയറി ഫാം, നിലവിലുള്ള കാർഷിക വൃത്തികൾ, മത്സ്യകൃഷി തുടങ്ങിയവയ്ക്കെല്ലാം നിരോധനമോ നിയന്ത്രണമോ വരും. സാധാരണക്കാരന്റെ ജീവിതം വഴിമുട്ടിക്കാൻ ഇതിനപ്പുറം മറ്റൊന്നും ആവശ്യമില്ല.

പരിസ്ഥിതിലോല പ്രദേശം (ESZ) ആകുന്നതോടുകൂടി വികസനം സാധ്യമല്ലാതായി തീരുന്ന ഈ പ്രദേശങ്ങളിൽ കർഷകർക്ക് ഭൂമി വിൽക്കുമ്പോൾ ന്യായമായ വില പോലും ലഭിക്കുകയില്ലെന്നതും സ്പഷ്ടമാണ്. സ്വന്തം ഭൂമിയിൽ ഉള്ള മരങ്ങൾ മുറിക്കുവാനും, കുടിവെള്ളത്തിന് വേണ്ടി കിണർ കുഴിക്കുവാനും അനുവാദം ലഭിക്കില്ല. ഈ കരിനിയമങ്ങൾ കർഷകരുടെ അവകാശങ്ങൾ തീർത്തും കവർന്നെടുക്കുന്നതാണ്.

പരിസ്ഥിതി ലോല പ്രദേശം (ESZ), വന്യജീവിസങ്കേതത്തിനു ചുറ്റും, ഭൂരിഭാഗം പ്രദേശത്തും ഒരു കിലോമീറ്റർ വായുദൂരം ആയി രേഖപ്പെടുത്തുമ്പോൾ ചിലസ്ഥലങ്ങളിൽ മാത്രം അത് വെറും പൂജ്യം മുതൽ 100 മീറ്റർ വരെ മാത്രമേയുള്ളു എന്നത് ബഫർസോൺ ഒരു കിലോമീറ്ററിൽ കുറയരുത് എന്നതിന്റെ പൊള്ളത്തരം വെളിവാക്കുന്നു.

കർഷകരെയും കർഷക തൊഴിലാളികളെയും കൃഷിയിടങ്ങളെയും തകർക്കുന്ന രീതിയിൽ പുതിയ കരിനിയമങ്ങൾ അടിച്ചേൽപ്പിക്കുമ്പോൾ സാധാരണ ജനങ്ങൾ ഇതിനെല്ലാം ബലിയാടുകളാവുകയാണ്. ഗൂഡല്ലൂർ , മഹാബലേശ്വർ-പഞ്ചഗണി പ്രദേശത്തെ ബഫർസോണുകൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഉപജീവനത്തിന് ആവശ്യമായ തൊഴിൽ ചെയ്തു സ്വന്തം ഭൂമിയിൽ കൃഷിചെയ്ത് ജീവിക്കാനുള്ള ഒരു പൗരന്റെ മൗലികാവകാശ ലംഘനവും, ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റവുമാണ് ഇത്. പൊതുസമൂഹത്തേയും പതിനായിരക്കണക്കിനു വരുന്ന കർഷകരേയും നേരിട്ട് ബാധിക്കുന്ന ഈ പ്രശ്നത്തിൽ നിശ്ശബ്ദരായിരിക്കുവാൻ സാധിക്കുകയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കുകയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ചെയ്യേണ്ടതാണ്.

അതിനായി 1). നിർദ്ദിഷ്ട മലബാർ വന്യജീവി സങ്കേതത്തിനു ചുറ്റും ഒരു കി. മീ. വായുദൂരത്തിലുള്ള പരിസ്ഥിതിലോല മേഖല (ESZ) പ്രഖ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച റിപ്പോർട്ടും,

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച (S.O. 2634 (F) Dated 05.08.2020) കരട് വിജ്ഞാപനവും റദ്ദ് ചെയ്യണം. 2). പരിസ്ഥിതിലോല മേഖല (ESZ) വനത്തിനുള്ളിൽ മാത്രമായി ഒതുക്കി നിലനിർത്തണം.

ഇതിനെതിരെ നിയമപരമായും രാഷ്ട്രീയമായും നടപടികൾ സ്വീകരിക്കാനും പഞ്ചായത്തുകളും ഗ്രാമസഭകളും പ്രമേയം പാസാക്കി നൽകാനും കോടതി വഴി ഈ അനീതിയെ ചോദ്യം ചെയ്യാനും ജനങ്ങൾ മുന്നോട്ടുവരേണ്ടതാണ്. **സർക്കാരിൽ പരാതികൾ സമർപ്പിക്കാനുള്ള കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത് കരടു വിജ്ഞാപനം പുറത്തു വന്ന ദിവസം മുതൽ (S.O. 2634 (F) Dated 05.08.2020) 60 ദിവസമാണ്.** അതതു പ്രദേശത്തെ ജനങ്ങൾ കൂട്ടായും വ്യക്തിപരമായും ഈ നിയമത്തിനെതിരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഈ സമയപരിധിക്കുള്ളിൽ പരാതി നൽകണം. ഇക്കാര്യത്തിൽ ജനങ്ങൾ ഒട്ടും ഉപേക്ഷ കാണിക്കരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സാമൂഹിക, സാസ്കാരിക, സാമുദായിക കർഷക സംഘടനകൾ ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതാണ്.

ജനങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി കക്ഷി-രാഷ്ട്രീയ-മത ചിന്തകൾക്ക് അതീതമായി ഒരുമിച്ച് നില്ക്കണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്തുകൊണ്ട്,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ &
ഇൻഫാം ദേശീയ രക്ഷാധികാരി,
കർഷക രക്ഷാസമിതി രക്ഷാധികാരി

NB: പരാതി അയക്കേണ്ട വിലാസം. Email:esz-mef@nic.in
അല്ലെങ്കിൽ
The Secretary
MoEF&CC
Indira Paryavaran Bhavan
Jorbagh Road, Aliganj
New Delhi - 110 003.

Prot. No. 1008 /2020

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർസഭയിലെ മെത്രാന്മാരുടെ 28-ാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2020 ആഗസ്റ്റ് 18 മുതൽ 21 വരെ നാലു ദിവസങ്ങളിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രത്യേക അനുമതി പ്രകാരം സഭാചരിത്രത്തിൽ പ്രഥമമായി ഓൺലൈനായാണ് സിനഡ് സമ്മേളിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളിലും സേവനം ചെയ്യുന്നവരും ഔദ്യോഗിക ശുശ്രൂഷയിൽ നിന്നു വിരമിച്ചവരും ഉൾപ്പെടെ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. സഭാപരവും രാഷ്ട്രീയവും കാർഷികവുമായ മേഖലകളിലെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്തു സിനഡ് പ്രായോഗികമായ തീരുമാനങ്ങൾ എടുത്തു.

### കോവിഡ് കാലത്തെ അജപാലനം

കോവിഡ്-19 എന്ന മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഭ പൂർണ്ണ പിന്തുണ അറിയിച്ചു. കൊറോണ വൈറസ് ബാധയാൽ മരണമടഞ്ഞ എല്ലാവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളുടെ വേദനയിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയും ചെയ്തു. രോഗബാധിതരാവുകയോ മരണമടയുകയോ ചെയ്ത എല്ലാ ആരോഗ്യപ്രവർത്തകരെയും ക്രമസമാധാന പാലകരെയും സിനഡ് പ്രത്യേകം അനുസ്മരിച്ചു.

സമൂഹത്തിന്റെ സകലമേഖലകളെയും ബാധിച്ച കോവിഡ്-19 സഭയുടെ അജപാലനരംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി സിനഡ്

വിലയിരുത്തി. കൂദാശകളുടെ പരികർമ്മത്തിനും മതബോധനത്തിനും ഓൺലൈൻ മാർക്ഷങ്ങൾ അവലംബിക്കേണ്ട സാഹചര്യമാണ് കോവിഡുമൂലം സംജാതമായത്. കുടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റി ഒത്തിരിയേറെ കുടുംബങ്ങൾ കോവിഡുകാലത്ത് ആധ്യാത്മികജീവിതത്തിൽ വളർന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, ആരാധനാലയങ്ങൾ തുറക്കാൻ സർക്കാരിന്റെ അനുവാദം ലഭിച്ചശേഷവും ഓൺലൈൻ കുർബ്ബാനകളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത ഗുണകരമല്ല. ദൈവാലയത്തിലെത്തി വിശുദ്ധകുർബ്ബാനയിൽ നേരിട്ടുപങ്കുചേർന്ന് ഈശോയെ ദിവ്യകാരുണ്യമായി സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബ്ബാനയർപ്പണം അർത്ഥപൂർണ്ണമാകുന്നത്. ഓൺലൈൻ കുർബ്ബാനകളെ ഇതിനുതുല്യം പ്രാധാന്യമുള്ളതായി കരുതുന്നത് ശരിയല്ല. കോവിഡ് വ്യാപനം മൂലം നിരോധിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലുള്ളവർക്കു ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആഴ്ചവട്ടത്തിലെ ഏതെങ്കിലുമൊരു ദിവസം ദൈവാലയത്തിലർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ അവർ പരിശ്രമിക്കണമെന്ന കാര്യം സിനഡ് ഓർമ്മിപ്പിച്ചു.

രോഗങ്ങളും മഹാമാരികളും നമ്മെ നിരാശയിലേയ്ക്ക് നയിക്കാതെ മാനസാന്തരവഴികളിലൂടെ ദൈവസന്നിധിയിലേക്ക് തിരിച്ചുനടക്കാൻ പ്രേരിപ്പിക്കണം. കോവിഡ് പ്രതിസന്ധിയിലും ഇതുതന്നെയായിരിക്കണം നമ്മുടെ മനോഭാവം. നമ്മുടെ ആത്മീയപ്രതിരോധത്തിന്റെ ഭാഗമായി ഈ വർഷത്തെ എട്ടു നോമ്പ് തീക്ഷ്ണതയോടെ ആചരിക്കുന്നതിനു ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രത്യേക സർക്കുലർ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. അതോടൊപ്പം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കാനും ഈ നിയോഗംവച്ച് നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും പ്രത്യേക വിശുദ്ധ കുർബാനയർപ്പിക്കാനും നിർദേശിച്ചിരുന്നു. വൻശക്തികളായ രാഷ്ട്രങ്ങളും സമർദ്ധരായ ശാസ്ത്രജ്ഞരും കോവിഡിന് മുന്നിൽ പകച്ചുനിൽക്കുമ്പോൾ ദൈവകരുണയ്ക്കുവേണ്ടിയുള്ള തീക്ഷ്ണമായ പ്രാർത്ഥനകൾ നമുക്കു തുടരാം. രോഗവ്യാപനം ശമിക്കുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെത്തുന്നതിനും ദൈവിക ഇടപെടൽ വേഗത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## മൃതശരീരങ്ങളുടെ ദഹിപ്പിക്കൽ

മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതാണ് സഭയുടെ സാധാരണരീതിയെങ്കിലും പ്രത്യേക സന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്ത് വിശേഷിച്ചും മൃതശരീരങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉള്ളതാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ടു മൃതശരീരങ്ങൾ ദഹിപ്പിക്കാനും സംസ്കരിക്കാനും എല്ലാ രൂപതകളും പരിശീലനം സിദ്ധിച്ച പ്രത്യേക സന്നദ്ധസേന രൂപീകരിച്ചത് മാതൃകാപരമാണ്. മൃതശരീരങ്ങൾ ദഹിപ്പിക്കാനുള്ള ക്രമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാതലത്തിലോ ക്രമീകരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് സിനഡ് നിർദ്ദേശിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയാക്കി ഇത്തരം സ്ഥലങ്ങളിൽ ദഹിപ്പിച്ചശേഷം ലഭിക്കുന്ന വിഭൂതി സെമിത്തേരികളിൽ സൂക്ഷിക്കേണ്ടതാണ്.

## സർക്കാർ നയങ്ങളിലെ വിവേചനം

ന്യൂനപക്ഷാവകാശങ്ങൾ നൽകുന്നതിൽ നിലവിലുള്ള 80:20 എന്ന അനീതിപരമായ അനുപാതം തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ സിനഡ് പ്രതിഷേധമറിയിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ ജില്ലാതല പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ നിലനിൽക്കുന്ന അനീതിയും പരിഹരിക്ക പ്പെടേണ്ടതാണ്. സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10% സംവരണം പി.എസ്.സി. റാങ്കുലിസ്റ്റ് ഉൾപ്പെടെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ സത്വരനടപടികൾ സമയബന്ധിതമായി സർക്കാർ സ്വീകരിക്കണം. മാറിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സീറോമലബാർസഭാംഗങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചു പഠിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുന്നതിനും ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണമെന്ന് സർക്കാരിനോട് ഔദ്യോഗികമായി ആവശ്യപ്പെടാനും സിനഡ് തീരുമാനിച്ചു.

### കാർഷികപ്രതിസന്ധി

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും രൂക്ഷമായ വന്യമൃഗശല്യങ്ങളുംമൂലം കർഷകർ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലൂടെയാണു കടന്നുപോകുന്നത്. ഉല്പന്നങ്ങളുടെ വലിയ വിലത്തകർച്ച കർഷകരുടെ നിലനില്പിനെത്തന്നെ അപകടത്തി ലാക്കിയിരിക്കുകയാണ്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജനവാസമേഖലകളെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെടുത്തി നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് വീണ്ടും ഉണ്ടാകുന്നതിന് എതിരെ സിനഡ് ശക്തമായ എതിർപ്പു രേഖപ്പെടുത്തി. വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച പത്തനംതിട്ട ജില്ലയിലുള്ള ചിറ്റാറിലെ പി.പി. മത്തായിയുടെ മൃതസംസ്കാരം നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ടു ആ കുടുംബത്തിന് നീതിലഭ്യമാക്കണമെന്നു സിനഡ് സർക്കാരിനോട് ആവശ്യപ്പെട്ടു. കാർഷികവായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളി കർഷകരെ സഹായിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടു വരണം. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മാത്രം ഒതുക്കി നിർത്തി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ക്രിയാത്മകമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്കുണ്ടാകുന്ന ീമമായ നഷ്ടം നികത്താൻ സർക്കാർ ആത്മാർത്ഥമായി ഇടപെടണമെന്നും സിനഡ് ആവശ്യപ്പെട്ടു.

### ദരിദ്രർക്കു സഹായം

ഭക്ഷണമില്ലാത്തവർക്കു ഭക്ഷണമുറപ്പാക്കാൻ സഭാസംവിധാനങ്ങൾ ആവശ്യമായ നടപടിയെടുക്ക ണമെന്ന് സിനഡ് പ്രത്യേകം ആഹ്വാനം ചെയ്തു. ദരിദ്രരുടെ പക്ഷംചേർന്ന് അവരുടെ വിശപ്പകറ്റിയ ഈശോയുടെ മാതൃകയിൽ ദരിദ്രരോടൊപ്പം നിൽക്കാനും ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്ന ദരിദ്രരുടെ പക്ഷത്തുനിൽക്കുന്ന ദരിദ്രയായ സഭ എന്ന ആശയം പ്രയോഗവൽക്കരിക്കാനുമുള്ള സമയമായി കോവിഡ് പകർച്ചവ്യാധിയുടെ ഈ സാഹചര്യത്തെ കണക്കാക്കണം. സർക്കാരിന്റെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സീറോമലബാർസഭ പൂർണ്ണമായ

പിന്തുണ നല്കുന്നുണ്ട്. സഭയുടെ വിവിധ രൂപതകളിലെയും സമർപ്പിതസമൂഹങ്ങളിലെയും സാമൂഹികസേവന വിഭാഗങ്ങൾ വഴി 53.3 കോടി രൂപയുടെ സഹായ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരി ആശങ്കാജനകമായി വ്യാപിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും പട്ടിണിയും വ്യാപിക്കുന്നതായി സിനഡ് വിലയിരുത്തി. സർക്കാർ സംവിധാനങ്ങളുടെ മാത്രം ഇടപെടലുകൾകൊണ്ട് ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരുടെ കാര്യത്തിൽ സഭയ്ക്കു സവിശേഷമായ ശ്രദ്ധയുണ്ടാകണം. ഓരോ ഇടവകയും സഭാസ്ഥാപനവും സംഘടനയും തങ്ങൾക്കു ചുറ്റുമുള്ള നാനാജാതിമതസ്ഥരുടെ ദാരിദ്ര്യപൂർണ്ണമായ ജീവിതസാഹചര്യങ്ങളെ ഗൗരവമായി പരിഗണിക്കണം. തങ്ങളുടെ ചുറ്റുമുള്ള ദാരിദ്ര്യമനുഭവിക്കുന്നവർക്കു ഭക്ഷണം ഉറപ്പാക്കാൻ സഭാംഗങ്ങൾ എല്ലാവരും ശ്രദ്ധ ചെലുത്തണമെന്നു സിനഡ് ആഗ്രഹിക്കുന്നു

ഓരോ ഇടവകാതിർത്തിയിലും പട്ടിണിനേരിടുന്ന ഭവനങ്ങളെ കണ്ടെത്താനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതുണ്ട്. അവർക്കു ഭക്ഷണലഭ്യത ഉറപ്പുവരുത്താനുള്ള കാര്യക്ഷമവും പ്രായോഗികവുമായ സംവിധാനങ്ങൾ ക്രമീകരിക്കണം. പള്ളികളുടെ മുൻഭാഗത്തുള്ള മോണ്ടളത്തിൽ അരിയും പയറും മറ്റ് അവശ്യഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകൾ തയ്യാറാക്കിവയ്ക്കുന്ന പതിവു നമ്മുടെ സഭയിലെ പല ഇടവകകളിലും നിലവിലുണ്ട്. ഈ പദ്ധതി സാധിക്കുന്നിടത്തോളം സഭമുഴുവനിലും ഫലപ്രദമായി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ടനു ഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ആരുടെയും അനുവാദം കൂടാതെ എടുത്തു കൊണ്ടുപോകാനുള്ള അവസരം ഇതുവഴി ഒരുക്കാവുന്നതാണ്.

സാഹോദര്യവും മാനവികതയും പ്രകടമാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക എന്നതാണ്. 'എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു' (മത്താ.25:35) എന്ന് അന്ത്യനാളിൽ ഈശോയുടെ സ്വരം

കേൾക്കാനിടയാകത്തക്കവിധം ഇന്നു ദരിദ്രരുടെ നിലവിളിക്കു നമുക്ക് ചെവികൊടുക്കാം. വിശക്കുന്ന വയറുകളോട് ഈശോ കാണിച്ച കരുതൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രായോഗിക പദ്ധതികളായി രൂപപ്പെടണം. അതിനുവേണ്ടി നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വരുമാനം ഉപയോഗിക്കുവനുള്ള കടമയെക്കുറിച്ചും സിനഡ് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിച്ചു.

### വൈദികപരിശീലനം

കോവിഡ് 19-ന്റെ കാലത്തു വൈദികപരിശീലനം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് സിനഡു ചർച്ചചെയ്തു. ഓരോ സെമിനാരിയിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചു ഡീക്കന്മാരുടെ പരിശീലനം പൂർത്തിയാക്കുന്നതിനനുസൃതമായി അവരുടെ തിരുപ്പട്ടസ്വീകരണത്തിന്റെ സമയം ക്രമീകരിക്കുന്നതിന് രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരെയും സിനഡ് ചുമതലപ്പെടുത്തി. വൈദികപരിശീലനം പരമപ്രധാനമാകയാൽ സെമിനാരികളിലെ അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് കൂടുതൽ സഭാത്മകമായ മാനദണ്ഡങ്ങൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

### യാമപ്രാർത്ഥനകൾ

സഭയിലെ യാമപ്രാർത്ഥനകളുടെ പരിഷ്കരണത്തിന് ആരാധനാക്രമകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സിനഡ് അംഗീകരിച്ചു. പരിഷ്കരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന്റെ ഡ്രാഫ്റ്റ് അടുത്ത സിനഡിൽ വിശദമായി ചർച്ചചെയ്യാനും തീരുമാനമായി. സഭയുടെ കൂട്ടായ്മയും ഐക്യവും പൂർവ്വാധികം ശക്തമാക്കാനുള്ള പരിശ്രമങ്ങൾ എല്ലാതലങ്ങളിലും വ്യാപിപ്പിക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു.

### ആദരാഞ്ജലികൾ

ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും ജീവനും സ്വത്തും നഷ്ടപ്പെട്ടവരെയും കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ

വരെയും സിനഡ് പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

### ഉപസംഹാരം

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയലമർന്നു ഞെരുങ്ങുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉണർവ്വോടും ഉത്സാഹത്തോടും കൂടി പ്രാർത്ഥിക്കാനും കാരുണ്യപ്രവർത്തന ങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി വ്യാപരിക്കാനും സഭാതനയരേവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് സെപ്റ്റംബർ മാസം 1-ാം തിയതി നൽകപ്പെട്ടത്.

---

*ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 സെപ്റ്റംബർ മാസം 6-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

Ref: 3348/K-5/KCBC/OL/DS 03.09.2020

# കോവിഡുകാല അജപാലനശുശ്രൂഷകളെക്കുറിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

കോവിഡ്-19 എന്ന മഹാവ്യാധി ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തുന്ന ഒരു കാലഘട്ടത്തിലൂടെ നമ്മൾ കടന്നുപോകുകയാണല്ലോ. ഈ കാലഘട്ടത്തിൽ പൊതുസമൂഹത്തോടൊപ്പം കേരളസഭയും കൊറോണ രോഗത്തിനും അതിന്റെ വ്യാപനത്തിനുമെതിരെ പടപൊരുതുകയും സമൂഹത്തിനും കുടുംബങ്ങൾക്കും വേണ്ടിയുള്ള വിവിധ ശുശ്രൂഷകളിൽ വ്യാപൃതയായിരിക്കുകയും ചെയ്യുന്നു. സഭയുടെ ശുശ്രൂഷാ സംവിധാനങ്ങളിൽ ഈ പ്രത്യേക കാലത്ത് നമ്മൾ അവലംബിച്ച നൂതന അജപാലനരീതികളും സംരംഭങ്ങളും സമൂഹമൊന്നാകെ സ്വാഗതം ചെയ്യുകയുണ്ടായി. ഈ കാലഘട്ടത്തെയോർത്ത് നമ്മളാരും ഭയപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല. രോഗവ്യാപനത്തെ തടയുന്നതിനും രോഗം വരാതെ സൂക്ഷിക്കുന്നതിനും ഇതുവരെ നാം കാണിച്ചിട്ടുള്ള ജാഗ്രത ഇനിയും തുടരുക എന്നതാണ് പ്രധാനം. അനേകംപേർ അനുദിനം രോഗവിമുക്തരാകുന്നതും നമുക്ക് ആശ്വാസം തരുന്നുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം 2020 ആഗസ്റ്റ് 7-8 തീയതികളിലായി ഓൺലൈൻ വഴി സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ പിതാക്കന്മാർ ഒരുമിച്ച് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത ഈ സമ്മേളനത്തിൽ കൂടുതൽ സമയവും പിതാക്കന്മാർ ചെലവഴിച്ചത് കോവിഡുകാലത്തെ സഭാശുശ്രൂഷകളെ വിലയിരുത്താനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനുമാണ്. ഇതിന്റെ വെളിച്ചത്തിൽ ചില പ്രത്യേക കാര്യങ്ങൾ നിങ്ങളെ അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു.

## അജപാലന ശുശ്രൂഷ

കോവിഡുകാലത്ത് സഭാശുശ്രൂഷകരും ജനങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാകാൻ എല്ലാവരും കൂടുതൽ പരിശ്രമിക്കേണ്ടതുണ്ടെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നവമാധ്യമങ്ങളിലൂടെയും കത്തുകളിലൂടെയും ഫോൺവിളികളിലൂടെയും വൈദികരും സഭാനേതൃത്വ

ത്തിലുള്ള മറ്റുള്ളവരും ഇതിനായി പ്രത്യേകം ശ്രമിക്കേണ്ടതുണ്ട്. വിശ്വാസീസമൂഹത്തിന്റെ ആത്മീയകാര്യങ്ങൾ ചോദിച്ചറിയാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനുമൊക്കെ അജപാലകർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

കുടുംബയൂണിറ്റ് പ്രവർത്തനങ്ങളും മറ്റ് സംഘടനാപ്രവർത്തനങ്ങളും നടക്കാത്ത ഈ സാഹചര്യത്തിൽ കുടുംബങ്ങൾ തമ്മിൽ തമ്മിലും സമ്പർക്കമാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം.

കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് വിശുദ്ധ കുർബാനയും ഇതരകൂദാശകളും പരികർമ്മം ചെയ്യാൻ വൈദികർ പ്രത്യേകം അവസരമൊരുക്കണം. ദേവാലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുക്കാൻ കഴിയാത്തവർ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും പങ്കുചേരുന്നത് തുടരേണ്ടതാണ്. വിശ്വാസികൾക്ക് അനുരഞ്ജന കൂദാശ ലഭിക്കുന്നതിനുള്ള അവസരവും കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് ഒരുക്കാൻ വൈദികർ തയ്യാറാകണം.

കൂടാതെ, സമൂഹമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി തിരുവചനധ്യാനങ്ങൾ സംഘടിപ്പിക്കാനും ഞായറാഴ്ചദിനങ്ങളിൽ പ്രത്യേക വചനശുശ്രൂഷകൾ നല്കാനും ഇടവകതലത്തിൽ അവസരങ്ങൾ ഒരുക്കുന്നത് ഉചിതമായിരിക്കും.

### കുടുംബപ്രേഷിതശുശ്രൂഷ

കുടുംബപ്രേഷിതത്വത്തെ സംബന്ധിച്ച സഭയുടെ പ്രവർത്തനങ്ങളിൽ സവിശേഷമായ മാറ്റം ആവശ്യമുണ്ടെന്ന് കോവിഡുകാലം നമുക്കു മുന്നറിയിപ്പു നല്കിക്കഴിഞ്ഞു. കുടുംബങ്ങൾ സഭയുടെ അജപാ ലനശുശ്രൂഷയുടെ മുഖ്യകേന്ദ്രമായി മാറണം. അനുദിനമുള്ള കുടുംബപ്രാർത്ഥനയ്ക്കും ബൈബിൾ പാരായണത്തിനും കുടുംബാംഗങ്ങൾ മുടക്കം വരുത്താതെ നോക്കണം. കുടുംബാംഗങ്ങൾക്ക് കൂടുതൽ സമയം ഒരുമിച്ചു കഴിയാൻ കിട്ടുന്ന ഒരവസരം കൂടിയാണ് ഈ കോവിഡുകാലത്തിലൂടെ ലഭിക്കുന്നത്. കുടുംബാംഗങ്ങൾക്കിടയിലെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താൻ നമുക്കു കഴിയണം. ശിഥിലമായ വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും കൂട്ടിയോജിപ്പിക്കാനും മനസ്സിലെ മുറിവുകൾ ഉണക്കി അനുരഞ്ജനത്തിന്റെ പാത പിന്തുടരാനും എല്ലാവരും തയ്യാറാകേണ്ട ഒരു കാലം കൂടിയാണിത്.

വൃദ്ധരായ മാതാപിതാക്കളും കുട്ടികളും പ്രത്യേകം പരിഗണനയും പരിചരണവും അർഹിക്കുന്നുണ്ട്. എന്ന കാര്യവും ആരും വിസ്മരിച്ചു കൂടാ. ശാരീരിരാരോഗ്യത്തോടൊപ്പം അവരുടെ മാസികാരോഗ്യം നില നിർത്താനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇതിനായി സഭാ സ്നേഹികളായ സൈക്കോളജിസ്റ്റുകളെയും കൗൺസിലർമാരെയും ഉൾപ്പെടുത്തി ഇടവകതലത്തിൽ ഒരു സെൽ രൂപീകരിക്കുന്നതും ഉചിതമായിരിക്കും.

### സാമ്പത്തിക ശുശ്രൂഷ

അശരണരെ ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുഖ്യസ്ഥാനം നല്കേണ്ടകാലം കൂടിയാണ് ഈ കോവിഡുകാലം. ഈ കാലഘട്ടത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചിട്ടുണ്ട്. ദരിദ്രരുടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമ ശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ തയ്യാറാകണം. വിശ്വാസീസമൂഹത്തിന്റെ ആവശ്യങ്ങളും പരാധീനതകളും ചോദിച്ചറിയാനും ആവശ്യമായ സഹായങ്ങൾ എത്തിക്കാനും പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിനായി, ഇടവകതലത്തിൽ സോഷ്യൽ റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയോ നിലവിലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. ഇടവകാംഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ച ഓരോ ഇടവകയുടെയും മുഖ്യലക്ഷ്യങ്ങളിലൊന്നാകണം. ഇതിനായി, ഇടവക ജനങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ള സാമൂഹ്യസുരക്ഷാപദ്ധതികളും ഉറപ്പാക്കേണ്ടതുണ്ട്.

ഇടവകകൾ, സ്ഥാപനങ്ങൾ-കുടുംബങ്ങൾ-വ്യക്തികൾ എന്നിങ്ങനെ വ്യത്യസ്ത തലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കാനുള്ള സംവിധാനങ്ങൾക്ക് രൂപം കൊടുക്കുന്നതും അഭികാമ്യമാണ്. പച്ചക്കറി ഉത്പാദനം, മത്സ്യകൃഷി ഉത്പാദനം, മൃഗപരിപാലനം, ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇക്കാര്യം സാധ്യമാക്കാനുള്ള പരിശ്രമങ്ങളും കൈക്കൊള്ളണം.

സംസ്ഥാന സർക്കാർ നല്കുന്ന പ്രോത്സാഹനവും മാർഗനിർദേശങ്ങളുമനുസരിച്ച് സഭാസംവിധാനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ള തരിശുഭൂമി ഭക്ഷ്യ ഉല്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കൃഷി ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേ

ണ്ടതുണ്ട്. ഇതിനാവശ്യമായ സന്നദ്ധസംഘടനകളും സംവിധാനങ്ങളും ഇടവകതലത്തിൽ ഒരുക്കേണ്ടതും ആവശ്യമാണ്. കൂടാതെ, ഇടവകാതിർത്തിയിലുള്ള ജലസംഭരണികളും ജലസ്രോതസുകളും സംരക്ഷിക്കുന്നതിനുള്ള നടപടികളും ഇടവകതലത്തിൽ കൈക്കൊള്ളുന്നതും ഉചിതമായിരിക്കും.

### വിശ്വാസ ജാഗ്രത

സഭാപ്രബോധനങ്ങളെ തെറ്റായി വ്യാഖ്യാനിക്കുകയും സഭാകൂട്ടായ്മയെ ഭിന്നിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സെക്റ്റുകളെയും ഇതര സംവിധാനങ്ങളെയും കുറിച്ച് വിശ്വാസികൾക്കിടയിൽ പ്രത്യേക ജാഗ്രതയുണ്ടാകേണ്ട ഒരു കാലം കൂടിയാണ് ഈ കോവിഡുകാലമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാംഗങ്ങൾ അവരുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചു ജീവിക്കാനും ക്രിസ്തുവിന്റെ സജീവസാക്ഷികളായി വർത്തിക്കാനും പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

### സമാപനം

സഭ ദൈവജനമാണെന്ന അവബോധവും കൂട്ടായ്മയും ശക്തിപ്പെടാൻ ഈ കാലഘട്ടം നാം പ്രയോജനപ്പെടുത്തുകയും നമ്മുടെ പരിശ്രമങ്ങളിലെല്ലാം അത് പ്രകടമാക്കുകയും ചെയ്യാം. കോവിഡു ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങളായിക്കണ്ട് നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരെ ധൈര്യപ്പെടുത്തുകയും നമ്മുടെ പ്രാർത്ഥനകളിലൂടെ അവരുമായി ആത്മീയബന്ധം പുലർത്താനും നമുക്ക് കൂടുതൽ ശ്രദ്ധയുള്ളവരാകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

N.B: ഈ സർക്കുലറിലെ ഉള്ളടക്കം സീറോ മലബാർ, ലത്തീൻ, മലങ്കര സഭകളിലെ വിശ്വാസീസമൂഹവുമായി പങ്കുവയ്ക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങൾ

ബഹു. വൈദികർ

ഫാ. ചെറിയാൻ പൊങ്ങൻപാറ : ജഡ്ജി, എപ്പാർക്കിയൽ ട്രൈബ്യൂണൽ

ഫാ. ജോർജ് മുണ്ടനാട്ട് : ഡിഫന്റർ ഓഫ് ബോണ്ട്, എപ്പാർക്കിയൽ ട്രൈബ്യൂണൽ

ഫാ. ചാക്കോ കോതാനിക്കൽ : ആക്ടിംഗ് വികാരി, കോനൂർകണ്ടി & പീടികപ്പാറ

ഫാ. സെബാസ്റ്റ്യൻ കുരുവമ്മാക്കൽ CST : അസി. വികാരി, കൂടരഞ്ഞി

ഫാ. മാത്യു മംഗലാമഠത്തിൽ : സ്റ്റാഫ്, അൽഫോൻസ സെമിനാരി

ഫാ. ഡൊമിനിക് തൂങ്കുഴി : അജപാലന ശുശ്രൂഷ, ഐയർലണ്ട്

### വെക്കേഷൻ & അൾത്താരസംഘം

ഫാ. ചെറിയാൻ പൊങ്ങൻപാറ : ഡയറക്ടർ

ഫാ. അലക്സ് പനച്ചിക്കൽ : വെക്കേഷൻ പ്രൊമോട്ടർ

ഫാ. അഗസ്റ്റിൻ മച്ചുകുഴി : റീജിണൽ കോർഡിനേറ്റർ

ഫാ. ചാക്കോ മുണ്ടക്കൽ : റീജിണൽ കോർഡിനേറ്റർ

ഫാ. ജോൺ പള്ളിക്കാവയലിൽ : ഉപകാരികളുടെ കോർഡിനേറ്റർ

### മതബോധനം

ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ: അസോസിയേറ്റ് ഡയറക്ടർ

ഫാ. ചാക്കോ കോതാനിക്കൽ : അസി. ഡയറക്ടർ

### മിഷൻലീഗ്

ഫാ. പോൾ പൂവ്വത്തിങ്കൽ : അസി. ഡയറക്ടർ

### ഫാമിലി അപ്പസ്തോലേറ്റ്

ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് : അസോസിയേറ്റ് ഡയറക്ടർ

ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ : അസി. ഡയറക്ടർ

### മദ്യവിരുദ്ധ സമിതി

ഫാ. ജോസഫ് കളപ്പുരയ്ക്കൽ : അസി. ഡയറക്ടർ

### കുടുംബകൂട്ടായ്മ

ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരി : അസി. ഡയറക്ടർ

ഫാ. മാത്യു കോട്ടക്കൽ : അസി. ഡയറക്ടർ

### മാതൃവേദി

ഫാ. ജോസഫ് ചിറത്തലയ്ക്കൽ : അസി. ഡയറക്ടർ

ഫാ. തോമസ് മലപ്രവനാൽ : അസി. ഡയറക്ടർ

**പ്രൊ-ലൈഫ് മൂവ്മെന്റ്**

ഫാ. സെബാസ്റ്റ്യൻ ചീരമറ്റത്തിൽ : അസി. ഡയറക്ടർ

**എ.കെ.സി.സി.**

ഫാ. തോമസ് കൊച്ചുമുറിയിൽ : അസി. ഡയറക്ടർ - മലപ്പുറം
ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പേൽ: അസി. ഡയറക്ടർ - വിലങ്ങാട്

**ഇൻഫാം**

ഫാ. ജോസഫ് ആലപ്പാട്ടുകോട്ടയിൽ : അസി. ഡയറക്ടർ

**മേഖല ഡയറക്ടേഴ്സ് - മാതൃവേദി**

ഫാ. ജോർജ് വരിക്കശ്ശേരി : തോട്ടുമുക്കം
ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ : തിരുവമ്പാടി
ഫാ. ജോൺ മൂലയിൽ : മരുതോങ്കര
ഫാ. വർഗീസ് കളത്തൂർ : മലപ്പുറം
ഫാ. മാത്യു തിട്ടയിൽ : കോടഞ്ചേരി

**2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ**

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ ഒക്ടോബർ ഒന്നാം തീയതിയാണ്. തന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ തീഷ്ണതയോടുകൂടി നിർവഹിക്കുവാനുള്ള ദൈവാനുഗ്രഹം സ്വർഗീയ മദ്ധ്യസ്ഥനിലൂടെ പിതാവിന് ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**3. എട്ടുനോമ്പാചരണം**

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നടത്തുന്ന പാരമ്പര്യം നമ്മുടെ സഭയിലുണ്ട്. ഇക്കാര്യം വിശ്വാസികളെ അറിയിക്കുകയും നോമ്പാചരണം തീഷ്ണമായി ആചരിക്കുകയും ചെയ്യാം. ലോകത്താകമാനം മഹാമാരി വിതച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ നമ്മെയും ലോകമുഴുവനെയും നമുക്ക് പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കുകയും അമ്മയിൽ ആശ്രയിക്കുകയും ചെയ്യാം.

**4. സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസിന് പുതിയ ഭരണസമിതി**

കോഴിക്കോട് ആസ്ഥാനമായുള്ള സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീം നിലവിൽ വന്നു. പെരിയ ബഹു. ഫാ. തോമസ് തെക്കേൽ സി.എം.ഐ. വീണ്ടും പ്രൊവിൻഷ്യൽ ആയി തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രൊവിൻഷ്യൽ ആയി ബഹു. ഫാ. മാത്യു മണിയമ്പ്ര സി.എം.ഐ, കൗൺസിലേഴ്സായി ബഹു. ഫാ. ബിജു

ജോൺ വെള്ളക്കട സി.എം.ഐ., ബഹു. ഫാ. ജോസ് പ്രകാശ് ചേലയ്ക്കൽ സി.എം.ഐ., ബഹു. ഫാ. പീറ്റർ മരോട്ടിക്കത്തടം സി.എം.ഐ., പ്രൊവിൻസിന്റെ ഓഡിറ്ററായി ബഹു. സിബി പുളിക്കൽ സി.എം.ഐ. എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. പുതിയ പ്രൊവിൻഷ്യൽ ടീമിന് താമരശ്ശേരി രൂപതയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

**5. ധാർമ്മിക ദൈവശാസ്ത്രത്തിൽ ഗവേഷണ പഠനം ആരംഭിച്ചിരിക്കുന്നു**

Netherlands ലെ Tilburg യൂണിവേഴ്സിറ്റിയിൽ Moral Theology എന്ന വിഷയത്തിൽ PhD പഠനം ആരംഭിച്ചിരിക്കുന്ന ബഹു. തോമസ് ഇയ്യാലിൽ അച്ചന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

**6. സ്മരണാഞ്ജലി**

| | | |
|---|---|---|
| 02-09-85 | – | റവ. ഫാ. ജോസഫ് മഴുവഞ്ചേരി |
| **05-09-07** | **–** | **റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം** |
| 18-09-96 | – | റവ. ഫാ. സോസിമൂസ് സി.എം.ഐ. |
| 18-09-07 | – | റവ. ഫാ. ജോൺ കച്ചിറമറ്റം |
| 19-09-79 | – | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Sr.) |
| 20-09-88 | – | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Jr.) |
| 20-09-79 | – | റവ. ഫാ. സബീനുസ് സി.എം.ഐ. |
| 22-09-82 | – | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

നിത്യസഹായ മാതാവിന്റെ ചിത്രത്തിലെ ശിശുവായ ഈശോയെ വിശുദ്ധ ലൂക്കാ സുവിശേഷകൻ ചിത്രീകരിച്ചിരിക്കുന്നത് എത്രയോ ഭാവാത്മകമായിട്ടാണ്. ഭാവിയിൽ വഹിക്കാനിരിക്കുന്ന ഭാരമേറിയ കുരിശും, തിരുവിലാവിൽ കുത്തിയിറക്കാനുള്ള കുന്തവും കൊണ്ട് തന്നെ സമീപിച്ചപ്പോൾ ഭയന്നോടുന്ന ഉണ്ണിയായ ഈശോ ഓടി അഭയം പ്രാപിച്ചത് സ്വന്തം അമ്മയുടെ മാറിലാണ്. ഈശോവരെ സഹന സമയത്ത് തന്റെ അമ്മയിൽ അഭയം പ്രാപിച്ചെങ്കിൽ പാപികളായ നാം മാതാവിൽ ഈ കഷ്ടതയുടെ നാളിൽ എത്രയോ അധികം ആശ്രയിക്കേണ്ടിയിരിക്കുന്നു. മനുഷ്യവർഗ്ഗം വലിയ സഹനത്തിലൂടെ കടന്നു പോകുന്ന ഈ അവസരത്തിലാണ് ഈ വർഷം മാതാവിന്റെ ജനനത്തിരുനാളിനായി നാം ഒരുങ്ങുന്നത്. അമ്മയിൽ ആശ്രയിക്കാനും അമ്മയോടു കൂടുതൽ ജപമാല ചൊല്ലി പ്രാർത്ഥിക്കാനും എട്ടു നോമ്പിലൂടെ പാപങ്ങൾക്കു പരിഹാരം ചെയ്യാനും ഈ തിരുനാൾ നമ്മളെ പ്രേരിപ്പിക്കട്ടെ. അതുപോലെതന്നെ വിശ്വാസജീവിതത്തിൽ സ്ഥിരതയോടെ ഉറച്ചുനിന്ന് നിത്യതയെ ലക്ഷ്യം വച്ച് പ്രയാണം ചെയ്യാനും നമുക്കു പരിശ്രമിക്കാം. "ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1: 28) നമുക്ക് അമ്മയോടു ചേർന്നു നില്ക്കാം, കാരണം അവൾ ഈശോയോട് ചേർന്നാണ് നില്ക്കുന്നത്. മാതാവിന്റെ പിറവിതിരുനാളിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.

## ഓഫീസ് മാറ്റം

ജൂലൈ 03 ദുക്റാന തിരുനാൾ ദിവസം രൂപതാ മതബോധന ഓഫീസിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ സാന്നിധ്യത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് നടത്തി. വൈദികരുടെയും മതാധ്യാപകരുടെയും പ്രതിനിധികൾ പങ്കെടുത്തു. ജൂലൈ 04 മുതൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

## ഓൺലൈൻ ക്ലാസുകൾ

ഓരോ ആഴ്ചത്തെയും വിശ്വാസപരിശീലന ക്ലാസുകളും അവയുടെ ചോദ്യങ്ങളും പ്രവർത്തനങ്ങളും രൂപതാകേന്ദ്രത്തിൽ നിന്ന് അയച്ചുകൊടുക്കുന്നു.

## Empowerment (വിശ്വാസപരിശീലകർക്കുള്ള ഓൺലൈൻ പരിശീലനം)

ഈ പരിശീലന പരിപാടിയുടെ ക്രമീകരണമനുസരിച്ച് മാസത്തിലെ ആദ്യ ഞായർ വൈകുന്നേരത്തോടെ അരമണിക്കൂർ ദൈർഘ്യമുള്ള ക്ലാസ് എല്ലാ അധ്യാപകർക്കും അയക്കുന്നു. അധ്യാപകർ ഓരോ ക്ലാസും ശ്രവിച്ച ശേഷം ഒരു പേജിൽ കുറയാത്ത ഒരു വിചിന്തനം വർക്ക് ബുക്കിൽ എഴുതുക. ഒരു മാസം ഒന്ന് എന്ന രീതിയിൽ ഒരു വർഷം നീളുന്ന 12 ക്ലാസുകളാണ് ഉദ്ദേശിക്കുന്നത്. 12 ക്ലാസുകൾ കഴിയുമ്പോൾ ഹെഡ്മാസ്റ്റർമാർ വർക്ക് ബുക്കുകൾ തിരികെ വാങ്ങി വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ വിലയിരുത്തേണ്ടതാണ്. വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ ക്ലാസോടുകൂടി ഈ പ്രോഗ്രാം ആരംഭിച്ചു.

## Faith @ home (രക്ഷിതാക്കളും വിശ്വാസപരിശീലനവും)

വിശ്വാസപരിശീലനത്തിലായിരിക്കുന്ന കുട്ടികളുടെ മാതാപിതാക്കളെ സഹായിക്കാൻ Faith @ home പ്രോഗ്രാം. എല്ലാ മാസത്തിലും ഒരു പ്രോഗ്രാം എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. 25 മിനിറ്റ് നീളുന്ന എപ്പിസോഡാണ് ഓരോന്നും. ക്ലാസുകളും മാതാപിതാക്കളുമായുള്ള അഭിമുഖങ്ങളും ഓരോ മാസത്തിലും മാറി മാറി വരുന്ന രീതിയിലാണ് എപ്പിസോഡുകൾ ക്രമീകരിക്കുന്നത്. കുട്ടികളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ വഴി രക്ഷിതാക്കൾക്ക് ഈ പ്രോഗ്രാം ലഭിക്കുന്നതാണ്.

## Behold Christ (ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള പഠനവും)

വിശുദ്ധ കുർബാനയെ അറിയാനും, സ്നേഹിക്കാനും ആരാധിക്കാനും ക്രമീകരിച്ചിരിക്കുന്ന ഒരു പ്രോഗ്രാമാണ് ഇത്. എല്ലാ മാസവും ഒരു ദിവസം അരമണിക്കൂർ സമയം രൂപതയിലെ വിശ്വാസപരിശീലകനും കുട്ടികളും പ്രാർത്ഥനയിൽ ഒരുമിക്കാൻ ദിവ്യകാരുണ്യ ആരാധനയും വചന സന്ദേശവും എപ്പിസോഡുകളായി ക്രമീകരിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെയും ബഹു. ജനറാളച്ചന്റെയും സന്ദേശങ്ങൾ ആദ്യത്തെ രണ്ട് എപ്പിസോഡിൽ ഉൾപ്പെടുത്തി.

### ഉപവാസവും ജപമാലയും

ഓഗസ്റ്റ് 14 വെള്ളിയാഴ്ച ഉച്ചക്കു മാതാവിന്റെ സ്വർഗ്ഗാരോഹണ ത്തിരുനാളിനൊരുക്കമായും കോവിഡ് മഹാമാരിയിൽ നിന്നു മോചനം ലഭിക്കുന്നതിനും വിശ്വാസ ജീവിതത്തിൽ അടിപതറാതെ മുന്നോട്ടു

പോകാനുള്ള ശക്തി ലഭിക്കുന്നതിനും എല്ലാ വിശ്വാസപരിശീലകരും കുട്ടികളും ഉച്ചഭക്ഷണം ഉപേക്ഷിച്ച് ആ സമയത്ത് ജപമാലയിലെ ദുഃഖത്തിന്റെ രഹസ്യങ്ങൾ ധ്യാനിച്ച് പ്രാർത്ഥിച്ചു.

## Write your Testimony (സാക്ഷ്യ രചനാ മത്സരം)

ഈശോ എനിക്ക് ആര്? എന്ന വിഷയത്തെ ആസ്പദമാക്കി പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്കായി നടത്തുന്ന രചനാ മത്സരം. തങ്ങൾ അനുഭവിച്ചറിഞ്ഞ യേശുവിനെ മൂന്ന് പേജിൽ കവിയാതെ (A4 Page) എഴുതുക. ഏറ്റവും നല്ല രണ്ട് രചനകൾ ഇടവക തലത്തിൽ തിരഞ്ഞെടുത്ത് മേഖലാ ഭാരവാഹികളെ ഏല്പ്പിക്കുന്നു. മേഖലയിൽ നിന്നും മികച്ച രണ്ടെണ്ണം തിരഞ്ഞെടുത്ത് ഓഗസ്റ്റ് 20-നു മുൻപ് രൂപതാ മതബോധന ഓഫീസിൽ എല്പ്പിക്കേണ്ടതാണ്. രൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മെമന്റോയും ക്യാഷ് അവാർഡും നല്കുന്നതാണ്. മലയാളത്തിൽ എഴുതാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇംഗ്ലീഷിലും എഴുതാവുന്നതാണ്. ഇടവക/മേഖല/രൂപതാതലത്തിലെ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. മാനദണ്ഡങ്ങൾ: സാക്ഷ്യത്തിലുള്ള സത്യസന്ധത, അവതരണ ശൈലി, ഭാഷാ ശൈലി, സഭാപ്രബോധനത്തോടുള്ള ചേർച്ച, ഹൃദയസ്പർശിയായ വിവരണം, വ്യക്തതയുള്ള അവതരണ ശൈലി, ആശയങ്ങൾ, മൂന്ന് പേജിൽ കൂടാത്ത അവതരണം.

## സഭാവാർത്തകൾ, വിശുദ്ധരെ അറിയാം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി സഭയെ അറിയുവാനും സഭയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കാനും വേണ്ടി നടത്തുന്ന ഒരു പരിപാടിയാണ് സഭാവാർത്താവതരണം. കഴിവുള്ള കുട്ടികളെ ഓരോ ഇടവകയിൽ നിന്നും ഇതിനായി പറഞ്ഞയക്കുമല്ലോ.

വിശുദ്ധജീവിതം നയിച്ച് സ്വർഗ്ഗംപൂകിയ വിശുദ്ധാത്മക്കളെ കുട്ടികൾക്കായി പരിചയപ്പെടുത്തുന്ന പ്രോഗ്രാം ആണ് വിശുദ്ധരെ അറിയാം എന്ന പരിപാടി.

## ഓഫീസ് അവധി

ഓണം പ്രമാണിച്ച് ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 5 വരെ മതബോധന ഓഫീസ് അവധിയായിരിക്കും

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

എല്ലാവർക്കും മിഷൻലീഗ് രൂപതാ സമിതിയിൽ നിന്നും സ്നേഹാന്വേഷണങ്ങളും അഭിവാദനങ്ങളും ആശംസിക്കുന്നു. നമുക്കെല്ലാമറിയുന്നതുപോലെ കോവിഡ് കാലത്തിന്റെ പ്രത്യേക സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ പ്രാർത്ഥനയിൽ നമുക്കൊരുമിച്ച് ഈ മഹാവിപത്തിനെതിരെ കൈകോർക്കാം. വളരെ സജീവമായിരുന്ന നമ്മുടെ പ്രവർത്തനമണ്ഡലങ്ങൾ ഇന്ന് സാധ്യമല്ലാത്ത അവസ്ഥയിലാണല്ലോ; പഠനമാർഗ്ഗങ്ങളെല്ലാം ഓൺലൈൻ വഴി നടക്കുന്നതിനാൽ അതിന്റെ തിരക്കിൽപ്പെട്ട് കുട്ടികൾ, അധ്യാപകർ, മാതാപിതാക്കൾ ഒക്കെ ഏറെ പ്രയാസപ്പെടുന്നുണ്ട്. ഇതിനോടൊക്കെ പൊരുത്തപെടാനും അതേ സമയം സഭയോടൊപ്പം സംഘടനയോടൊപ്പം സഞ്ചരിക്കാനും കഴിയുന്നത്ര നമുക്ക് ശ്രമിക്കാം. ചില കാര്യങ്ങൾ ഇതിനോടനുബന്ധിച്ച് കൂട്ടിച്ചേർക്കട്ടെ. ഏറ്റവും അത്യാവശ്യമായ ചില കാര്യങ്ങൾ ശാഖകളിൽ നിന്നും മേഖലകളിൽ നിന്നും നമുക്കു ചെയ്യേണ്ടതാണ്.

1 ശാഖാ റിപ്പോർട്ടുകൾ മേഖലകളിൽ ഒരുമിച്ച് ഒരാൾ ശേഖരിച്ച് എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കുക.

2 മേഖലാ മീറ്റിങ്ങുകൾ ഒരുമിച്ച് കൂട്ടാൻ പറ്റാത്ത സാഹചര്യത്തിൽ ഓൺലൈൻ മാധ്യമങ്ങളുടെ സാധ്യത പരിശോധിച്ച് മീറ്റിങ്ങുകൾ സംഘടിപ്പിക്കുക.

3 കഴിഞ്ഞ വർഷത്തെ കയ്യെഴുത്തുമാസിക നിർമ്മിച്ചു കൊണ്ടിരിക്കുന്നവർ രൂപതാ ഓഫിസിൽ ഫോൺ വിളിച്ച് ഒന്ന് അറിയിക്കുക.

## പ്രവർത്തന മാർഗ്ഗരേഖ കലണ്ടർ

### 2020 സെപ്റ്റംബർ – ഇതാ കർത്താവിന്റെ ദാസി

1 ചൊവ്വ – 8 നോമ്പ് ആരംഭം, പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി 8 നോമ്പ് ആചരിക്കുക.

5 ശനി – വി. മദർതെരേസയുടെ ചരമദിനം, അധ്യാപകദിനം, അധ്യാപകർക്കു വേണ്ടി പ്രാർത്ഥിക്കുക, മദർ തെരേസ ക്വിസ് മത്സരം, ഡോക്യുമെന്ററി – അധ്യാപകദിനം

3 വ്യാഴം – 'അതിജീവനത്തിനായി ഒരു ജപമാല'

8 ചൊവ്വ – കന്യകാമറിയത്തിന്റെ പിറവി തിരുനാൾ

9 ബുധൻ – മാലിപ്പറമ്പിലച്ചന്റെ ചരമദിനം – സി.എം.എൽ സ്ഥാപക ഡയറക്ട

റായ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണദിനത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് ഡോക്യുമെന്ററി

14 തിങ്കൾ – വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, രൂപതാ എക്സിക്യുട്ടീവ്

21 തിങ്കൾ – വി. മത്തായി സുവിശേഷകന്റെ തിരുനാൾ

26 ശനി – വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ

29 ചൊവ്വ – മിഖായേൽ, ഗബ്രിയേൽ, റാഫേൽ മാലാഖമാരുടെ തിരുനാൾ

**വളരാൻ.... വളർത്താൻ**

- വിശുദ്ധരെ അറിയാം – വി. ജോൺ ക്രിസോസ്റ്റോം

**രൂപതാ എക്സിക്യുട്ടീവ് കമ്മിറ്റി**

2020 – 2021 പ്രവർത്തനവർഷത്തെ ആദ്യ എക്സിക്യുട്ടീവ് യോഗം ജൂലൈ 30 ന് ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു. ശ്രീ. ജോയി ജോർജ് അധ്യക്ഷനായിരുന്നു. പുതിയ പ്രവർത്തനവർഷത്തെ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ചചെയ്യുകയും കർമ്മ പരിപാടികളെക്കുറിച്ച് ആസൂത്രണം നടത്തുകയും ചെയ്തു.

**വിയാനി ഡേ**

ഓഗസ്റ്റ് 4 ന് വിയാനിഡേ യോടനുബന്ധിച്ച് ഈ വർഷത്തെ പഠനവിഷയമായ 'മിഷനെ അറിയാം മിഷനറിയാകാം മിഷൻലീഗിലൂടെ' എന്ന വിഷയത്തിലൂന്നി 'മിഷൻ ഗ്രാമങ്ങളിലെ ഇടവക വൈദികരുടെ അജപാലന പ്രവർത്തനങ്ങൾ' എന്ന വിഷയത്തെ അനുകരിച്ച് യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി പോസ്റ്റർ മത്സരം സംഘടിപ്പിച്ചു.

**വിജയികൾ**

**ഹൈസ്കൂൾ വിഭാഗം**

I st – ലീന ആന്റോ, മുക്കം

II nd – ആൽഫ്രഡ് ജോയൽ, ചാത്തൻകോട്ടുനട

III rd – ഡോൺ തറപ്പേൽ, തേക്കുംകുറ്റി

**യു.പി വിഭാഗം**

I st – ക്രിസാന്റോ വാഴയിൽ, തിരുവമ്പാടി

II nd – അയോണ മരിയ , മഞ്ചേരി

III rd – ജോസഫ് പനയ്ക്കപ്പിള്ളിൽ, തേക്കുംകുറ്റി

### ഇടയന്മാർക്കായ്

രൂപതയിലെ വൈദികരെ മുഴുവൻ ഇടവകകൾക്ക് വീതിച്ചു നൽകി പ്രാർത്ഥിക്കുന്ന പതിവ് ക്രമം ഈ വർഷവും തുടരുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 2 ന് ഓരോ ഇടവകയ്ക്കും വൈദികരുടെ പേരും ഫോൺ നമ്പറും നല്കി. കുഞ്ഞു മിഷനറിമാർ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

### കുഞ്ഞേട്ടൻ അനുസ്മരണം

ആഗസ്റ്റ് 11 ന് കുഞ്ഞേട്ടൻ അനുസ്മരണത്തിന്റെ ഭാഗമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കി Waves Media യിലൂടെ അപ്പ്ലോഡ് ചെയ്തു. 'മിഷനെ അറിയാൻ മിഷനറിയാകാൻ' എന്ന ഉദ്യമത്തിൽ കുഞ്ഞേട്ടൻ എന്ന അപൂർവ്വ തേജസ്സ് എന്ന വിഷയത്തെ ആസ്പദമാക്കി വീഡിയോ പ്രസംഗമത്സരം നടത്തി.

#### വിജയികൾ

#### ഹൈസ്കൂൾ വിഭാഗം

1 അഞ്ജലി മാരാമറ്റത്തിൽ, ഈരൂട്
2 നവനീത് ഫിലിപ്പ് നെടുംപുറം, പാറോപ്പടി
2 ബിൽഹ മാത്യു ഇരട്ടയാനിക്കൽ, കുണ്ടുതോട്
3 മിഷേല ക്രിസ്റ്റി ടോം ഇലവുങ്കൽ, പടത്തുകടവ്
3 ടോബിറ്റ് സിബി മഞ്ഞക്കാലയിൽ, ചക്കിട്ടപാറ

#### യു.പി. വിഭാഗം

1 എൻസ നിയ ടോം, ചെരിയംപുറത്ത്, ചക്കിട്ടപ്പാറ
2 അൽഫോൻസ ബിജു, മുക്കം
3 അജന്റ് വിജോയ് മേക്കാട്ട്, വേനപ്പാറ
3 ഷാനിയ സിനോജ് തുരുത്തിയിൽ, തിരുവമ്പാടി

### പ്രേഷിതസ്മൃതി

ആഗസ്റ്റ് 9 ന് കുഞ്ഞേട്ടൻ ദിനത്തോടനുബന്ധിച്ച് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാർ റോഫേൽ തട്ടിൽ പിതാവ് നയിച്ച സെമിനാറിൽ രൂപതയിൽ നിന്ന് എക്സിക്യുട്ടീവ് അംഗങ്ങളടക്കം 10 പേർ പങ്കെടുത്തു.

### വിശുദ്ധ പുഷ്പങ്ങൾ

ആസ്റ്റ് 13 ന് അൾത്താര ബാലന്മാരുടെ വിശുദ്ധനായ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാളിനും, ആഗസ്റ്റ് 18 ന് വി. ഹെലേനയുടെ തിരുനാളിലും, ആഗസ്റ്റ് 23 ന് വി. റോസയുടെ തിരുനാളിനും രൂപതാ മിഷൻലീഗിന്റെയും തിരുബാല

സഖ്യത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വിചിന്തന പോസ്റ്ററുകൾ തയ്യാറാക്കി വാട്ട്സാപ്പ് വഴി നല്കി.

### കർമ്മലാംബിക സംഗീത മത്സരവിജയികൾ

ജൂലൈ 16 ന് പരി. കർമ്മലമാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് നടന്ന സംഗീത മത്സരത്തിന്റെ ഫലപ്രഖ്യാപനം ജൂലൈ 28 ന് പുതിയ ഓഫീസ് ഉദ്ഘാടനവും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തിയപ്പോൾ 'മിഷൻ റേയ്സ്' വഴി പ്രക്ഷേപണം ചെയ്തിരുന്നുവെങ്കിലും കഴിഞ്ഞ ലക്കം താമരമൊട്ടിൽ കൊടുക്കാൻ സാധിച്ചിരുന്നില്ല. അതിനാൽ വിജയികളുടെ പേരുകൾ താഴെ കൊടുക്കുന്നു.

### യു.പി. വിഭാഗം ആൺകുട്ടികൾ

1 അജിൻ ജോജോ പെരുവാഞ്ചിറയിൽ, മുക്കം
2 ജോർജ്ജ് ജോഫി പൈകാട്ട്, പൊന്നിയാംകുറിശ്ശി
3 എബ്രഹാം തോമസ് വൈദ്യൻപാറയിൽ, ഈസ്റ്റ്ഹിൽ

### പെൺകുട്ടികൾ

1 നിയ ചാർളി, പെരിയപ്പുറത്ത്, പുല്ലൂരാംപാറ
2 ആഗ്നസ് ബിനോയ് ഒറ്റലാങ്കൽ, കുറ്റിപ്പുറം
3 എലൈൻ റോസ് പതാപ്പറമ്പിൽ, കുറ്റിപ്പുറം

### ഹൈസ്കൂൾ വിഭാഗം ആൺകുട്ടികൾ

1 ബെസ്റ്റിൻ ജോസഫ് മുട്ടത്തുകുന്നേൽ, കാറ്റുള്ളമല
2 സാവിയോ ബിജു മണിയങ്ങാട്ട്, പുല്ലൂരാംപാറ
3 മാർട്ടിൻ ഫ്രാൻസീസ് ആലവേലിൽ, മഞ്ഞുവയൽ

### പെൺകുട്ടികൾ

1 അന്ന ബിനോയ്, ഒറ്റലാങ്കൽ, കുറ്റിപ്പുറം
2 ഒലിവ് റോസ് ജോസഫ് കുര്യാളശ്ശേരി, കൂടത്തായി
3 ചിഞ്ചു കുമ്മായത്തൊട്ടിയിൽ, മാങ്കാവ്

### ഇതരയോഗം

ആഗസ്റ്റ് 20 ന് ഗൂഗിൾ മീറ്റ് വഴിയായി എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി ഒരു ഇതരയോഗം നടത്തി. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന 'CML Media Team' ലേക്ക് പേരുകൾ നിർദ്ദേശിച്ചു.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം

ആഗസ്റ്റ് 28 ന് വി. അഗസ്റ്റിനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നിശ്ചയിച്ച

മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരത്തിനോടൊപ്പം സംസ്ഥാന സമിതി നടത്തുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ, കുഞ്ഞേട്ടൻ സ്മാരക ലേഖന മത്സരവും പ്രഖ്യാപിച്ച അവസരത്തിൽ രണ്ടു മത്സരങ്ങളുംകൂടി ഒരുമിച്ച് ഒരു മത്സരമാക്കി നടത്തുകയാണ്.

**മത്സരനിബന്ധനകൾ**

1. ഓരോ ശാഖയിൽ നിന്നും ഏറ്റവും മികച്ച 2 രചനകൾ സെപ്റ്റംബർ 1 ന് മുമ്പായി മേഖലയിൽ എത്തിക്കുകയും മേഖലകളിൽ നിന്നും ഏറ്റവും മികച്ച 2 രചനകൾ സെപ്റ്റംബർ 10 ന് മുമ്പായി രൂപതയിൽ എത്തിക്കേണ്ടതുമാണ്.
2. 7, 8, 9 ക്ലാസുകളിൽ പഠിക്കുന്നവർ ജൂണിയർ വിഭാഗത്തിലും 10, 11, 12, ക്ലാസുകളിൽ പഠിക്കുന്നവർ സീനിയർ വിഭാഗത്തിലും ആയിരിക്കും മത്സരിക്കേണ്ടത്.
3. ആൺ, പെൺ വ്യത്യാസമില്ലാതെ ഒരു വിഭാഗത്തിൽ നിന്നും 2 പേർക്ക് പങ്കെടുക്കാം.
4. രചനകൾ മൂന്ന് പേജിൽ കവിയരുത്.
5. A4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാൻ പാടുള്ളൂ.
6. ശാഖകളിൽ ബഹു. ഡയറക്ടറച്ചന്റെയോ, സിസ്റ്റർ ആനിമേറ്ററിന്റെയോ സാന്നിധ്യത്തിൽ ഓഗസ്റ്റ് 28 ന് 10 മണി മുതൽ 12 മണിവരെയുള്ള സമയത്ത് മത്സരം നടത്തണം. മത്സരം നടത്തിപ്പിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനും കൃത്രിമമാർഗ്ഗങ്ങൾ അവലംബിക്കുന്നത് നിരുത്സാഹപ്പെടുത്താനും ബഹു. വികാരിയച്ചന്റെയോ, ആനിമേറ്ററിന്റെയോ സഹായം അപേക്ഷിക്കുന്നു.

8. **വിഷയം:**

   **ജൂണിയർ**

   ദൈവവിളി പ്രോത്സാഹനം മിഷൻലീഗ് സ്ഥാപകരുടെ പ്രവർത്തനങ്ങളിലൂടെ

   **സീനിയർ**

   ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകർ : ആധുനിക കാലഘട്ടത്തിൽ ദൈവവിളി പ്രോത്സാഹനത്തിന് മാർഗ്ഗദീപങ്ങൾ

9. ശാഖകളിൽ A4 പേപ്പറിൽ എഴുതി മേഖലകളിലേക്ക് നൽകുകയും, മേഖലകളിൽ തെരഞ്ഞെടുക്കപ്പെട്ട ലേഖനങ്ങൾ PDF ഫയലായി മെയിൽ ചെയ്യുകയും വേണം. മേഖലകയിലെ ഭാരവാഹികളിൽ ഒരാളുടെ

ഇമെയിൽ അഡ്രസ്സ് ഇതിനായി ശാഖകൾക്ക് നൽകണം.

മെയിൽ ID : cmlthamarassery@gmail.com

മേഖലകൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം തെരഞ്ഞെടുക്കപ്പെടുന്ന രചനകൾ അയക്കുന്നതിനു മുമ്പ് 9446932005 വാട്സപ്പ് നമ്പിറിലേക്ക് 'From Address' അയക്കണം. നിങ്ങളെഴുതിയ ലേഖനം അയക്കുന്ന ഇമെയിൽ അഡ്രസ്സ്, മേഖലയുടെ പേര്, ലേഖനം എഴുതിയ ആളുടെ പേര്, വീട്ടുപേര്, ക്ലാസ്സ്, ശാഖയുടെ പേര് എന്നീ ക്രമത്തിൽ അയക്കണം. പേരും വീട്ടുപേരും മലയാളത്തിൽ എഴുതണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

10. രൂപതയിൽ ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന രചനകൾക്ക് മാർ മങ്കുഴിക്കരി മെമ്മോറിയൽ സമ്മാനം നൽകുന്നതാണ്. അതിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന രചനകൾ ഫാ. ജോസഫ് മാലിപ്പറമ്പിൽ, കുഞ്ഞേട്ടൻ ലേഖനമത്സരത്തിലേക്ക് അയക്കപ്പെടുന്നതാണ്.

### രൂപതാ എക്സിക്യൂട്ടീവ്

ആഗസ്റ്റ് 25 ന് രൂപതാ എക്സിക്യുട്ടീവ് യോഗം രൂപതാ ഓഫീസിൽ ചേർന്നു. അടുത്ത മാസത്തിലേക്കുള്ള പ്രോഗ്രാം പദ്ധതി തയ്യാറാക്കി.

### ജസ്റ്റീസ് ഫോർ മരിയ ഷഹബാസ് ക്യാംപെയ്ൻ

ആഗോളതലത്തിൽ നടന്ന പ്രതിഷേധത്തിന്റെ ഭാഗമായി മിഷൻലീഗ് രൂപതകൾ ഒരുമിച്ച് സംസ്ഥാനതലത്തിൽ നടത്തിയ ക്യാപെയിനിൽ താമരശ്ശേരി രൂപതയിൽ നിന്നും ആയിരങ്ങൾ പങ്കെടുത്ത് ലോക മനുഷ്യാവകാശ കമ്മീഷനിൽ തങ്ങളുടെ സ്വരം കേൾപ്പിച്ചു.

### അതിജീവനത്തിനൊരു ജപമാല

പരി. മാതാവിന്റെ ജനനത്തിരുനാളിന്റെ ദിവസങ്ങളിൽ സംസ്ഥാനത്തെ മിഷൻലീഗ് അംഗങ്ങളെല്ലാം ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒരു പ്രോഗ്രാം. താമരശ്ശേരി രൂപതാ മിഷൻലീഗ് അംഗങ്ങളെല്ലാവരും ചേർന്ന് പ്രാർത്ഥിക്കേണ്ട ദിവസം സെപ്റ്റംബർ 3 ആണ്. ഓരോ മിഷൻലീഗ് അംഗങ്ങളും ആ ദിവസം ഒരു ജപമാല കൂടുതലായി ചൊല്ലി ഈ നിയോഗത്തിൽ കാഴ്ചവയ്ക്കുമല്ലോ.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

പ്രിയമുള്ളവരേ, നാം രൂപതാതലത്തിൽ തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി ആരംഭിക്കുകയാണ്. മതബോധനം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ ആദ്ധ്യാത്മിക ശിക്ഷണത്തിൽ വളർത്താൻ ഏറ്റവും നന്നായി ഉപകരിക്കുന്ന സംഘടനയാണിത്. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ തിരുബാലസഖ്യത്തിനായി ഒരു ആനിമേറ്ററെ ഭരമേൽപിച്ച് താഴെകൊടുത്തിരിക്കുന്ന പ്രോഗ്രാമുകൾ ചെയ്യുവാൻ അവരെ ഏൽപിക്കുകയും ചെയ്യുമല്ലോ. അവരുടെ പേരും ഫോൺനമ്പറും വാട്സപ്പിൽ അയച്ചു തന്നാൽ ഏറെ സഹായകരമായിരുന്നു (മൊ. 9446932005). ബഹു. അച്ചന്മാർക്ക് താമരശ്ശേരി Koinonia Whatsap ഗ്രൂപ്പിൽ വിവരങ്ങൾ അതതുസമയത്ത് നല്കുകയും ചെയ്യുന്നതാണ്.

### സംക്ഷിപ്ത വിവരണം - ചരിത്രം

പ്രാർത്ഥനയും പരിത്യാഗങ്ങളും വഴി അനാഥരും അവശരുമായി കഴിയുന്ന ശിശുക്കളെ സഹായിക്കുന്ന കൊച്ചുകുട്ടികളുടെ ഭക്തസംഘടനയാണ് തിരുബാലസഖ്യം. ലോകത്തെമ്പാടും നിരാലംബരായി കഴിയുന്ന കുഞ്ഞുങ്ങൾക്ക് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നല്കി നല്ലവരായി വളരാൻ അവരെ സഹായിക്കുക എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം.

1843 ൽ ഫ്രാൻസിൽ നാൻസി രൂപതയുടെ മെത്രാനായിരുന്ന ജാൻസൺ തിരുമേനിയാണ് ഈ സംഘടനയുടെ സ്ഥാപകൻ. 1922 ൽ 11-ാം പിയൂസ് മാർപാപ്പ ഇതിനെ ഒരു പൊന്തിഫിക്കൽ സംഘടന യായി ഉയർത്തി.

ഈ സംഘടന മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുകയും പ്രേഷിതചൈതന്യം കുട്ടികളിൽ വളർത്തുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ സ്നേഹിതനായ ഉണ്ണിയേശുവിലേക്ക് എല്ലാ കുഞ്ഞുങ്ങളെയും നയിച്ചുകൊണ്ട് കുഞ്ഞുനാൾ മുതലേ വിശുദ്ധരായി വളരുന്നതിന് ഈ സംഘടന സഹായിക്കുന്നു. പ്രാർത്ഥനാ ചൈതന്യവും ത്യാഗമനോഭാവവും കുട്ടികളിൽ ചെറുപ്പത്തിലെ വളർത്തിയെടുക്കുവാൻ തിരുബാലസഖ്യത്തിലെ അംഗത്വം ഉപകാരപ്പെടും.

### 2020 - 2021 വർഷത്തെ തിരുബാലസഖ്യ പ്രവർത്തനങ്ങൾ

1 സ്നേഹസേന - ജപമാല, കരുണകൊന്ത എന്നിവ ചൊല്ലുകയും ഭക്തിയിൽ വളരാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

| | |
|---|---|
| 2 കാവൽ മാലാഖയ്ക്ക് - ഒരു കത്ത് | ഒക്ടോബർ 2ന് കാവൽ മാലാഖയ്ക്കായ് കുഞ്ഞുങ്ങൾ ഒരു കത്ത് (ഇടവകാതല ത്തിലെ ഫസ്റ്റ് രൂപതയിലേക്ക്) |
| 3 ഉണ്ണിശോയ്ക്ക് ഉടുപ്പ് - | 25 നോമ്പിൽ കുട്ടികൾ ആശയടക്കം നടത്തി ആ തുക ശേഖരിച്ച് ഇടവക യിലെ പാവപ്പെട്ട കുട്ടിക്ക് പുത്തൻ ഉടുപ്പും കേക്കും സമ്മാനം (ഇടവകാതലം) |
| 4 വി. മദർതെരേസ - ഫാൻസിഡ്രസ്സ് മത്സരം | സെപ്റ്റംബർ 5 ന് വി. മദർ തെരേസ യുടെ വേഷത്തിൽ പെൺകുട്ടികൾക്ക് മാത്രം ഫാൻസി ഡ്രസ്സ് മത്സരം (രൂപതാതലം)(ഫോട്ടോ വാട്സപ്പിൽ അയച്ചുതരിക) |
| 5 സാന്താ സിസിലിയ - സംഗീത മത്സരം | നവംബർ 21 ന് തിരുസഭയുടെ സംഗീത മദ്ധ്യസ്ഥയായ വി. സിസിലിയായുടെ തിരുനാളിന് |
| 6 ക്രിസ്തുരാജൻ - ഫാൻസി ഡ്രസ്സ് മത്സരം | പള്ളിക്കൂദാശകാലം അവസാന ഞായ റാഴ്ച (രൂപതാതലത്തിൽ - ആൺ കുട്ടി കൾക്ക് മാത്രം) |
| 7 ഉണ്ണീശോയ്ക്ക് - ഒരു പുൽക്കൂട് | കുഞ്ഞുങ്ങളുടെ വീടുകളിലെ പുൽക്കൂടിന് സമ്മാനം (ഇടവകാതലം) |
| 8 തിരുബാലസഖ്യദിനം - | എല്ലാ ഇടവകകളിലേയ്ക്കും പ്രാർത്ഥ നയും പ്രതിജ്ഞയും നല്കുന്നു. |

മറ്റു പ്രോഗ്രാമുകൾ കൊറോണ സാഹചര്യങ്ങൾ മാറിയാൽ അറി യിക്കുന്നതായിരിക്കും.

### പൊതുനിർദ്ദേശങ്ങൾ

1 കൊറോണ സാഹചര്യത്തിൽ പ്രാർത്ഥന ഒരുമിച്ച് നടത്താൻ സാധിക്കാത്തതുകൊണ്ട് അതിനുപകരമായി ഭവനങ്ങളിൽ വ്യക്തിപരമായി പ്രാർത്ഥിക്കാൻ സഹായിക്കുന്ന രീതിയാണ് തുടക്കത്തിൽ നാം ചെയ്യുന്നത്.

2 എല്ലാ മാസവും പരിചയപ്പെടുത്തുന്ന വിശുദ്ധനെക്കുറിച്ച്;- മതബോധനത്തിന്റെ നേതൃത്വത്തിൽ നല്കുന്ന വീഡിയോ ക്ലാസ്സിനെ ആസ്പദമാക്കി ചെറുവിവരണം തയ്യാറാക്കി നല്കാൻ ആവശ്യപ്പെടാം.

3 എല്ലാ മാസത്തേയും പ്രാർത്ഥനാ നിയോഗങ്ങൾ;- പ്രഭാതത്തിൽ ഉണരുമ്പോൾ 1. സ്വർഗ്ഗ. 1. നന്മ 1. ത്രിത്വ. ചൊല്ലി അവർക്കായി കാഴ്ചവെക്കാൻ നിർദ്ദേശിക്കാം.

4 സുകൃതജപം ഓരോ മാസവും നല്കുന്നത് ഓരോ ദിവസവും ഓരോ ജോലിയ്ക്കും ഭക്ഷണത്തിനും മുമ്പ് ചൊല്ലി എണ്ണം കുറിച്ചു നല്കാൻ പ്രോത്സാഹിപ്പിക്കാം.

5 വചനം പറയൽ - ഓരോ മാസവും നൽകുന്നത് ഓരോ ദിവസവും ഓരോ പഠനപ്രവർത്തനത്തിനും മുമ്പ് ചൊല്ലി എണ്ണം കുറിച്ചു നല്കാൻ പ്രോത്സാഹിപ്പിക്കാം.

6 രൂപതാതല മത്സരങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങൾ പ്രഖ്യാപിക്കുന്ന സമയത്ത് നിർദ്ദേശങ്ങൾ മാനദണ്ഡങ്ങൾ എന്നിവ നൽകുന്നതാണ്. എൻട്രികൾ അയയ്ക്കേണ്ടത് 9446932005 എന്ന വാട്സപ്പ് നമ്പറിലാണ്. വിവരങ്ങൾ അറിയാൻ 9446932005, 8606203315 എന്നീ നമ്പറുകളിൽ വിളിക്കുമല്ലോ.

7 തിരുബാലസഖ്യത്തിന്റെ ബാഡ്ജുകൾ തയ്യാറാക്കുന്നുണ്ട്. മിഷൻലീഗിന്റെ രൂപതാ ഓഫീസിൽ നിന്നും അവ ലഭ്യമാകുന്നതായിരിക്കും.

**മാസപരിപാടിൽ**

**സെപ്റ്റംബർ - മാലാഖമാർക്ക് പ്രതിഷ്ഠിതം**

| | | |
|---|---|---|
| പരിചയപ്പെടുത്തുന്ന വിശുദ്ധൻ | : | വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാ നിയോഗം | : | എല്ലാ അധ്യാപകർക്കും വേണ്ടി (എല്ലാ ദിവസവും പ്രാർത്ഥിക്കുക) |
| സുകൃതജപം | : | കാവൽമാലാഖയേ എനിക്ക് കൂട്ടായിരിക്കണമെ. |
| വചനം | : | ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു (ലൂക്കാ 1:49) |

| | | |
|---|---|---|
| 1 ചൊവ്വ | : | എട്ട് നോമ്പ് ആരംഭിക്കുന്നു. സാധിക്കുന്ന എല്ലാ ദിവസവും വി. കുർബാന |
| 5 ശനി | : | വി. മദർ തെരേസ ചരമദിനം. |
| | | (ഫ്രാൻസിഡ്രസ്സ് മത്സരം) |
| | | അധ്യാപകദിനം - അധ്യാപകർക്കുവേണ്ടി പ്രാർത്ഥിക്കുക. |
| 6 ഞായർ | : | കർത്താവിന്റെ ദിവസം - വി. കുർബാന, വായിക്കേണ്ട സുവിശേഷ ഭാഗം ലൂക്കാ 18:35-43 |
| 8 ചൊവ്വ | : | പരി. മാതാവിന്റെ ജനനതിരുനാൾ (Online) |
| 13 ഞായർ | : | കർത്താവിന്റെ ദിവസം |
| | | സുവിശേഷം മത്താ. 13:1-9, 18-23. |
| | | ലേഖനം 2 തെസ. 2:14-3:3 |
| 14 തിങ്കൾ | : | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 20 ഞായർ | : | കർത്താവിന്റെ ദിവസം |
| 21 തിങ്കൾ | : | വി. മത്തായിശ്ലീഹായുടെ തിരുനാൾ |
| 26 ശനി | : | വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ |
| | | ഡോക്യുമെന്ററി കാണുക |
| 27 ഞായർ | : | സുവിശേഷം മത്താ. 17:14-21, ഫിലി. 7:1-11 |
| 29 ചൊവ്വ | : | മിഖായേൽ, ഗബ്രിയേൽ, റാഫേൽ മാലാഖമാരുടെ തിരുനാൾ |
| ഗീതം | : | 'കാവൽമാലാഖമാരേ കണ്ണടയ്ക്കരുതേ......' |
| | | ഗീതം പാടാൻ പഠിക്കാം. |

**ഫാ. തോമസ് തേവടിയിൽ**

ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

## ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ

### കിഡ്നി സഹായ ഫണ്ട് രൂപീകരണം

ഓഗസ്റ്റ് 1 ന് തെയ്യപ്പാറ ഇടവകാംഗമായ കുര്യാക്കോസ് സക്കറിയ എന്ന യുവാവിന് കിഡ്നി മാറ്റിവെക്കൽ ചികിത്സാ ധനസമാഹരണം നടത്തി.

ഓഗസ്റ്റ് ആറാം തീയതി ധനസഹായമായി ലഭിച്ച 83700 രൂപ രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, കുര്യാക്കോസിന്റെ കുടുംബത്തിന് കൈമാറി . ഈ ഉദ്യമത്തിൽ സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

### ബഹു. മാത്യു തൂമുള്ളിൽ അച്ചന് സ്വാഗതം

രൂപത അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ബഹു. മാത്യു തൂമുള്ളിൽ അച്ചന് സംഘടനയിലേക്ക് ഹൃദ്യമായ സ്വാഗതം.

### ഫോറസ്റ്റ് റെയിഞ്ച് ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ

ഓഗസ്റ്റ് 17 ചിങ്ങം ഒന്നിന് കർഷക ദിനത്തിൽ കർഷകദ്രോഹ നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് താമരശ്ശേരി റേഞ്ച് ഫോറസ്റ്റ് ഓഫീസ് മുൻപിൽ ധർണ നടത്തി. കർഷകദിനം കണ്ണീർ ദിനമായി ആചരിക്കാനുള്ള കർഷക സംഘടനകളുടെ ആഹ്വാനത്തോട് പിന്തുണ പ്രഖ്യാപിച്ചു കൊണ്ടാണ് സമരം സംഘടിപ്പിച്ചത്. രൂപത പ്രസിഡണ്ട് വിശാഖ് തോമസ് ഉദ്ഘാടനം ചെയ്തു. രൂപത അസിസ്റ്റന്റ് ഡയറക്ടർ മാത്യു തൂമുള്ളിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ജനറൽ സെക്രട്ടറി അഭിലാഷ് കെ ബാബു, സംസ്ഥാന സെനറ്റ് അംഗം ടിബിൻ , രൂപതാ ട്രഷറർ റിച്ചാർഡ് ജോൺ എന്നിവർ പങ്കെടുത്തു.

### സ്പിരിച്വൽ ടീം രൂപീകരണം

യുവജനങ്ങളുടെ ആത്മീയ വളർച്ചക്കായി കെ.സി.വൈ.എം. രൂപത തലത്തിൽ പ്രവർത്തിക്കുന്ന സ്പിരിച്വൽ ടീം വിപുലീകരിച്ചു. യുവജനങ്ങളിൽ ആത്മീയത വളർത്തുന്നതിനായും ഫോർമേഷൻ നൽകുന്നതിനായും മുഴുവൻ ഇടവകകളിൽ നിന്നും 2 പേരെ വീതം തിരഞ്ഞെടുത്തു പ്രവർത്തനമാരംഭിച്ചു. സ്പിരിച്വൽ ടീം ഇൻചാർജ് സിമി തേവടിയിൽ നേതൃത്വം നൽകി വരുന്നു.

ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മേഖല ഭാരവാഹികൾ എന്നിവയുടെ ഓൺലൈൻ മീറ്റിങ്ങുകൾ നടത്തി.

ഓഗസ്റ്റ് 19 ന് മേഖലാ ലീഡേഴ്സ് മീറ്റിങ്ങും ഓഗസ്റ്റ് 20 ന് മേഖലാ ഡയറക്ടേഴ്സ് മീറ്റിങ്ങും ഓഗസ്റ്റ് 21 ന് മേഖല ആനിമേറ്റേഴ്സ് മീറ്റിങ്ങും ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

### മറ്റു പ്രവർത്തനങ്ങൾ

1. ജൂലൈ 30ന് വനംവകുപ്പിന്റെ പീഡനത്തിനിരയായി കൊല്ലപ്പെട്ട കർഷകൻ പൊന്നുവിനെ കുടുംബത്തിന് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടക്കുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു.
2. ഓഗസ്റ്റ് 4 ന് വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികരെ അനുമോദിച്ചു.

   രൂപത അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ഫാ. മാത്യു തുമൂള്ളിൽ അച്ചനെ സ്വാഗതം ചെയ്തു.
3. ഓഗസ്റ്റ് 5 വി. ബലിയർപ്പണ വേളയിൽ ബലിവേദിയിൽ നിന്ന് വിളിച്ചിറക്കി വൈദികനെതിരെ കേസെടുത്ത പോലീസ് നടപടിക്കെതിരെ പ്രതിഷേധ യോഗം സംഘടിപ്പിച്ചു.
4. കോവിഡ് മൃതസംസ്കാരത്തിനായി യുവജനങ്ങളുടെ ടീം രൂപീകരിച്ചു.

### അറിയിപ്പുകൾ

### സെപ്റ്റംബർ യുവജന മാസം

കുടുംബ നവീകരണ വർഷത്തിലെ യുവജനങ്ങൾക്കായി മാറ്റിവെയ്ക്കപ്പെട്ട സെപ്റ്റംബർ മാസത്തിലെ പ്രത്യേക പരിപാടികളിൽ ബഹുമാനപ്പെട്ട അച്ചന്മാരുടെയും യുവജനങ്ങളുടെയും പൂർണ്ണ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. **യൂത്ത് ടോക്ക്സ്:** യുവജനങ്ങൾ ശ്രദ്ധിക്കേണ്ട കാലിക വിഷയങ്ങൾ അവതരിപ്പിക്കുന്ന 1 മിനിറ്റ് വീഡിയോ. 30 യുവജനങ്ങളെ തിരഞ്ഞെടുത്ത് ക്രമീകരിച്ചു വരുന്നു.
2. **യുവ സൂക്തങ്ങൾ:** യുവജനങ്ങളുടെ മനസ്സിലെ ജീവിത ആദർശങ്ങൾ പരസ്യമായി അവതരിപ്പിക്കാനുള്ള അവസരം.
3. **യുവദർശൻ യൂത്ത് മീറ്റ്:** സെപ്റ്റംബർ മാസം 27 28 29 30 തീയതികളിലായി ഓൺലൈൻ യുവജനസംഗമം നടത്തുന്നു.
4. **ക്രിയേഷൻ:** ലോക് ഡൗൺ കാലത്തെ കലാസൃഷ്ടികൾ സമൂഹമധ്യത്തിൽ. പ്രദർശിപ്പിക്കാനുള്ള അവസരം.
5. യുവദർശൻ ലോഗോ പ്രകാശനം
6. **'കർത്താവിനെ തേക്കുന്നവരോട്':** വിശ്വാസത്യാഗത്തിനെതിരെ സഭാനിലപാട് യുവദർശൻ സ്പെഷ്യൽ വീഡിയോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**

ഡയറക്ടർ, കെ.സി.വൈ.എം

# ലിറ്റർജി കമ്മീഷൻ

## ‘മർഗാനീസ’ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ ‘മർഗാനീസ’ എന്ന പേരിൽ ആരാധനക്രമത്തെക്കുറിച്ചുള്ള ഒരു ഓൺലൈൻ കോഴ്സ് സംഘടിപ്പിക്കുന്നു. വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ള ആർക്കും ഇതിൽ സംബന്ധിക്കാം. മർഗാനീസ എന്ന സുറിയാനി വാക്കിന്റെ അർത്ഥം മുത്ത്, രത്നം എന്നിങ്ങനെയാണ്. വിശുദ്ധ കുർബാനയാകുന്ന അമൂല്യനിധിയെ സൂചിപ്പിക്കാൻ മാർ അപ്രേമിനെ പോലുള്ള സഭാപിതാക്കന്മാരും മർഗാനീസ എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.15 വരെയാണ് ഈ കോഴ്സ് സംഘടിപ്പിക്കുന്നത്. ഗൂഗിൾ മീറ്റിലൂടെയാണ് ഇത് നടത്തുന്നത്. താത്പര്യമുള്ളവർ 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്.

‘മർഗാനീസ’ എന്ന ഈ കോഴ്സിന്റെ ഉദ്ഘാടനവും ആദ്യത്തെ ക്ലാസ്സും ആഗസ്റ്റ് 22 ശനിയാഴ്ച വൈകിട്ട് താമരശ്ശേരി രൂപതാധ്യക്ഷനായ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

വിഷയം: ‘പെസഹാ രഹസ്യങ്ങളുടെ ആഘോഷമായ വിശുദ്ധ കുർബാന’.

വിശുദ്ധ കുർബാനയെ ആഴത്തിൽ അറിയാനും മനസ്സിലാക്കാനുമുള്ള അവസരമാക്കി ഈ കോഴ്സിനെ മാറ്റാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 9446261682 (റിജോ കൂത്രപ്പള്ളി)

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മാതൃവേദി

കഴിഞ്ഞ നാല്  വർഷക്കാലം താമരശ്ശേരി രൂപത മാതൃവേദിയെ വ്യക്തമായ ദിശാബോധത്തോടെയും  കൃത്യമായ കർമ്മ പദ്ധതികളിലൂടെയും മുന്നോട്ടു നയിച്ച ബഹുമാനപ്പെട്ട സൈമൺ കിഴക്കേകുന്നേൽ അച്ചന് രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും. അച്ചന്റെ പുതിയ കർമ്മ മേഖലയായ വേനപ്പാറ തിരുകുടുംബ ദേവാലയത്തിലെ ശുശ്രൂഷ കൾക്കും മറ്റ് ഉത്തരവാദിത്വങ്ങൾക്കും എല്ലാവിധ ആശംസകളും പ്രാർത്ഥന കളും സ്നേഹപൂർവ്വം നേരുന്നു.

കുടുംബനവീകരണ വർഷത്തോടനുബന്ധിച്ച് മെയ് മാസം സീറോ മലബാർ മാതൃ വേദിക്ക് നൽകപ്പെട്ടിരുന്ന മാസമായിരുന്നു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തൊടനുബന്ധിച്ച് മെയ് മാസത്തിൽ പുതിയ കർമ്മ പദ്ധതികൾ രൂപീകരിച്ചു. മെയ് ഒന്നിന് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാ നിയിൽ പിതാവിന്റെ വീഡിയോ സന്ദേശത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. വണക്കമാസവായന  പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബാംഗ ങ്ങൾ ഒന്നു ചേർന്നുള്ള വണക്കമാസ ഗാനാലാപന മത്സരം നടത്തി. 38 കുടുംബങ്ങളാണ് നല്ല മാതാവേ മരിയേ എന്ന ഗാനം  ആലപിച്ചു  വീഡിയോ മത്സരത്തിനായി അയച്ചത്. വണക്കമാസ വായന അടിസ്ഥാനപ്പെടുത്തി മെയ് മാസത്തിൽ തന്നെ രണ്ട് ഘട്ടങ്ങളിലായി വണക്കമാസ ക്വിസ് സംഘടിപ്പിച്ചു. കോവിഡ്  പ്രതിസന്ധിക്കിടയിൽ  പരിശുദ്ധ അമ്മയോട് മധ്യസ്ഥം യാചിച്ചു കൊണ്ടുള്ള ഗാനരചന ആലാപനം മത്സരമായിരുന്നു മറ്റൊന്ന്. കൊറോണ കാലത്തെ ആത്മീയ പാഠങ്ങൾ കുറിച്ച് പ്രസംഗ മത്സരവും നടത്തി. ഈ നാലു മത്സരങ്ങളിലും രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള നിന്നുള്ള അമ്മമാർ പങ്കെടുത്തു.

2019 പ്രവർത്തന വർഷത്തെ മികച്ച ഇടവകകളെയും മികച്ച മേഖല കളെയും തിരഞ്ഞെടുത്തു. ഇടവകകൾ രൂപതാ സമിതിക്ക് നൽകിയ റിപ്പോർട്ടിന്റെയും മേഖലാ സന്ദർശനത്തിന്റെയും അടിസ്ഥാനത്തിലാ ണ് ഫലം പ്രഖ്യാപിച്ചത്.

2019 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച മേഖലയായി തെരഞ്ഞെടു ക്കപ്പെട്ടത് തോട്ടുമുക്കം മേഖലയാണ്. രണ്ടാം സ്ഥാനത്തെത്തിയത് പാറോപ്പടി മേഖലയും.

2019 പ്രവർത്തന വർഷത്തിലെ രൂപതയിലെ ഏറ്റവും മികച്ച ഇടവകയാ യി തെരഞ്ഞെടുക്കപ്പെട്ടത് സെന്റ് ജോസഫ് ചർച്ച് കുന്നമംഗലം. രണ്ടാം

സ്ഥാനം സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രം കുളത്തുവയലിനാണ്.

### എ ഗ്രേഡ് നേടിയ ഇടവകകൾ

സെന്റ് ജോർജ് ചർച്ച് പുതുപ്പാടി, സെന്റ് തോമസ് ചർച്ച് കൂരാച്ചുണ്ട്, സെന്റ് മേരിസ് ചർച്ച് കൂമൻകുളം, സെന്റ് സെബാസ്റ്റ്യൻ ചർച്ച് കൂടരഞ്ഞി, സെന്റ് മേരിസ് ചർച്ച് വലമ്പൂർ, സെന്റ് മേരിസ് ചർച്ച് പന്തല്ലൂർ, സെന്റ് ജോർജ് ചർച്ച് ചെമ്പുകടവ്, സെന്റ് തോമസ് ചർച്ച് തോട്ടുമുക്കം, സെന്റ് ജോസഫ് ചർച്ച് മഞ്ചേരി, സെന്റ് ജോസഫ് ചർച്ച് ചെമ്പനോട, സെന്റ് മേരിസ് ചർച്ച് കോടഞ്ചേരി, സെന്റ് ജോസഫ് ചർച്ച് ദേവഗിരി, സെന്റ് ജോർജ് ചർച്ച് തലയാട്, സെന്റ് ജോസഫ് ചർച്ച് മാങ്കാവ്.

ഓരോ ഇടവകയും അവരവരുടേതായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് വളരെ നന്നായി പ്രവർത്തിച്ചു. എല്ലാവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

കഴിഞ്ഞ വർഷങ്ങളിൽ രൂപതാ സമിതിയുടെ അമരക്കാരനായിരുന്ന ഫാ. സൈമൺ കിഴക്കേകുന്നേലിന് രൂപത സമിതിയുടെ നേതൃത്വത്തിൽ വീർച്ചൽ സെന്റ് ഓഫ് നൽകി. ജൂലൈ മാസം തിരുഹൃദയ ഭക്തി പ്രോത്സാഹിപ്പിക്കാനായി തിരുഹൃദയ വണക്കമാസ വായനയെക്കുറിച്ച് അമ്മമാർക്ക് നിർദേശങ്ങൾ നൽകി. താമരശ്ശേരി രൂപത മാതൃവേദിയുടെ പുതിയ ഡയറക്ടർ ആയി ചാർജെടുത്ത ജേക്കബ് കപ്പലുമാക്കൽ അച്ചനെ രൂപത സമിതി സ്വാഗതം ചെയ്തു. ജൂലൈ മാസം പത്താം തീയതി മുതൽ മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും അമ്മമാർക്കായി ബൈബിൾ വചനങ്ങൾ അയയ്ക്കാൻ ആരംഭിച്ചു. അൽഫോൻസാമ്മയുടെ നൊവേന ഒരുക്കമായി ഒമ്പത് ദിവസവും വിചിന്തനങ്ങളും നോവേനയുടെ വീഡിയോയും ജനറൽ ബോഡി വാട്സാപ്പ് കൂട്ടായ്മയിലൂടെ അയച്ചു കൊടുത്തു. അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനത്തിൽ രൂപതാ സമിതിയും അതുപോലെതന്നെ ജനറൽ ബോഡിയും പ്രാർത്ഥനാശംസകൾ നേർന്നു. ഓഗസ്റ്റ് ഒന്നു മുതൽ ഓരോ ദിവസവും പ്രത്യേക നിയോഗങ്ങൾ വച്ച് കരുണകൊന്ത ചൊല്ലിക്കൊണ്ട് അമ്മമാർ 15 നോമ്പാചരണം നടത്തി. വൈദിക ദിനത്തിന് ബഹുമാനപ്പെട്ട എല്ലാ വൈദികർക്കും രൂപതാ സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥന ആശംസകൾ നേർന്നു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

മാറിയ കാലത്തിനനുസൃതമായി ഗൂഗിൾ മീറ്റ് വഴി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുകയും ഭാവി കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

# കുടുംബകൂട്ടായ്മ

രൂപത കുടുംബ കൂട്ടായ്മ നേതൃസംഗമം ഗൂഗിൾ മീറ്റിലൂടെ നടത്തി. രൂപത കുടുംബ കൂട്ടായ്മ ഡയറക്ടർ ആയിരുന്ന ഫാ. ജിബിൻ വാമറ്റത്തിൽ അച്ചന്റെ സേവനങ്ങളെ യോഗം നന്ദി പൂർവ്വം അനുസ്മരിച്ചു. കുംടുംബകൂട്ടായ്മക്ക് വ്യക്തമായ ദിശാബോധം നൽകന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നേതൃത്വം നൽകിയ അച്ചന്റെ സേവനങ്ങൾക്ക് യോഗം നന്ദി പ്രകടിപ്പിച്ചു. പുതിയ ഡയറക്ടർ ആയ ഫാ. ജേക്കബ് കപ്പലുമാക്കലിനെ യോഗം സ്വാഗതം ചെയ്തു.

കർഷകർക്ക് എതിരെ വനം വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന കടന്നാക്രമങ്ങളിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. പ്രത്യേകിച്ച് ചിറ്റാറിലെ പി.പി മത്തായി എന്ന കർഷകന് നേരെ നടന്ന ക്രൂരതയിൽ യോഗം പ്രതിഷേധിച്ചു. മലയോര മേഖലയിൽ വന്യമൃഗ ശല്യം കൊണ്ട് പൊറുതി മുട്ടുന്ന കർഷകർക്ക് ആശ്വാസം എത്തിക്കാനും, ഇ എസ് എ നിയമത്തിന്റെ പരിധിയിൽ കർഷകരെ ദ്രോഹിക്കാനുള്ള നീക്കം സർക്കാർ അവസാനിപ്പിക്കാൻ തയ്യാറാകണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കുടുംബ കൂട്ടായ്മ ഭാരവാഹികൾ അതാത് സ്ഥലത്ത് ഇടപെടണം.

കുടുംബ കൂട്ടായ്മ ഫൊറോന (മേഖലാ) കമ്മിറ്റികൾ സജീവമാക്കുവാൻ യോഗം തീരുമാനിച്ചു. കൂടാതെ ഇതിനു വേണ്ടി ഫൊറോന ഭാരവാഹികൾ പ്രത്യേക താൽപര്യം എടുക്കണമെന്നും, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യൂണിറ്റ്: ഇടവക തലത്തിൽ കരുണ്യസേവന പ്രവർത്തനങ്ങൾ നടത്തണമെന്നും യോഗം തീരുമാനിച്ചു.

രൂപത ഡയറക്ടർ യോഗം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് തോമസ് വലിയ പറമ്പൻ, സെക്രട്ടറി സണ്ണി കുഴമ്പാല, ട്രഷറർ ജോസ് കുഴമ്പിൽ, ആന്റണി മൂഴിക്കാട്ട്, സെബാസ്റ്റ്യൻ ളാമണ്ണിൽ, നോബി കുളത്തുവയൽ, ആനിയമ്മ മുള്ളൻകുഴി, ഗ്ലോറിയാമ്മ അപ്പച്ചൻ, ആഗസ് ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# മദ്യവിരുദ്ധ സമിതി

## കെസിബിസി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

1. ഓൺലൈൻ സംവിധാനത്തിലൂടെ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡൻറ് ശ്രീ. കുര്യൻ ചെമ്പനാനി അധ്യക്ഷതവഹിച്ചു. രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

### പ്രധാന തീരുമാനങ്ങൾ

ഓഗസ്റ്റ് 17 ന് ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണ പ്രാർഥനാ ദിനമായി ആചരിക്കുക.

അനുസ്മരണ ദിനാചരണത്തിന്റെ ഭാഗമായി എല്ലാവരും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും ദേവാലയങ്ങളിൽ പ്രത്യേകം വിശുദ്ധ കുർബാന ചൊല്ലിപ്പിക്കുകയും ചെയ്യുക.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും അനുഭാവികളുടെയും സഹകരണത്തോടുകൂടി ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണ സപ്ലിമെൻറ് ദീപിക പത്രത്തിൽ തയ്യാറാക്കുക.

സെപ്റ്റംബർ മാസത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ സ്കൂളുകളിലെ വ്യക്തിത്വവികസന ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.

കഥ, കവിത, ഉപന്യാസം, പ്രസംഗം, പോസ്റ്റർ നിർമ്മാണം എന്നീ വിഷയങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുക.

ഓഗസ്റ്റ് 15ന് മുതിർന്നവർക്കായി 'ലഹരിയിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗ മത്സരം സംഘടിപ്പിക്കുക.

2. സ്വാതന്ത്ര്യദിന പ്രസംഗ മത്സരം

രൂപതയിലെ മുതിർന്ന വ്യക്തികൾക്കായി ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിന പ്രസംഗം മത്സരം സംഘടിപ്പിച്ചു.

'ലഹരിയിൽ നിന്ന് സ്വാതന്ത്രത്തിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് മിനിറ്റ് സമയം നടത്തിയ പ്രസംഗത്തിന്റെ വീഡിയോ ആണ് മത്സരാർത്ഥികൾ അയക്കേണ്ടത്.

രൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് നിരവധി മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

3. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണ ദിനാചരണം നടത്തികെസിബിസി മദ്യവിരുദ്ധ സമിതിയുടെ താമരശ്ശേരി രൂപതയിലെ പ്രഥമ ഡയറക്ടറായിരുന്ന ചാണ്ടി കുരിശുംമൂട്ടിൽ അച്ചന്റെ രണ്ടാം ചരമ ദിനത്തോടനുബന്ധിച്ച് രൂപതയിലെ വിവിധ ഇടവകകളിൽ  അനുസ്മരണ പ്രാർഥനാ ദിനം ആചരിച്ചു.

ദേവാലയങ്ങളിലും ഭവനങ്ങളിലും പ്രത്യേക പ്രാർഥനകൾ നടന്നു. അനുസ്മരണ ദിനത്തോട് അനുബന്ധിച്ച് രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും അനുഭാവികളുടെയും സഹകരണത്തോടുകൂടി ദീപികയിൽ അനുസ്മരണ സപ്ലിമെൻറ് തയ്യാറാക്കി.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# എ.കെ.സി.സി.

### ഓൺലൈൻ പഠന സഹായ വിതരണം

കുവൈത്ത് കത്തോലിക്കാ കോൺഗ്രസും താമരശ്ശേരി രൂപതാ കത്തോലിക്കാ കോൺഗ്രസും സംയുക്തമായി രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 15 കുടുംബങ്ങൾക്ക് ടിവി/സ്മാർട്ട് ഫോൺ നൽകി. വിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപതാ ഭവനിൽ നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ജനറൽ സെക്രട്ടറി അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ, സെക്രട്ടറി ജോയി നെല്ലിക്കുന്നേൽ എന്നിവർ സന്നിഹിതരായിരുന്നു. സഹകരിക്കുന്ന എല്ലാ വികാരിയച്ചൻമാർക്കും നന്ദി. 8500 രൂപയുടെ ഓപ്പോ A1K ഫോണുകളാണ് നൽകിയത്.

### എകെസിസി ഹാർട്ട് ലിംങ്ക്സ്  ചാരിറ്റബിൾ ടീം

കോവിഡ് 19 പശ്ചാത്തലത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെയും സഹായം അർഹിക്കുന്നവരെയും പിന്തുണയ്ക്കുന്നതിനായി ഒരു ചാരിറ്റബിൾ ടീം ഗ്ലോബൽ സമിതിയുടെ നിർദ്ദേശപ്രകാരം രൂപീകരിക്കുന്നു. എല്ലാ ഇടവകയിൽ നിന്നും ഒരാളെയെങ്കിലും ഇതിൽ ഉൾപ്പെടുത്താനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മാർഗ നിർദേശങ്ങൾ നൽകുമ്പോൾ സഹകരിക്കുമല്ലോ.

### വീട് വെഞ്ചിരിപ്പ്, ഹാർട്ട് ലിങ്ക്സ് ഉദ്ഘാടനം

എ കെ സി യുടെ ആഭിമുഖ്യത്തിൽ കോടഞ്ചേരി ഇടവക അംഗമായിരുന്ന ശ്രീ സണ്ണി കെ ജെ കുഴികണ്ടത്തിലിന്റെ (late) സ്മരണാർത്ഥം അദ്ദേഹ

ത്തിന്റെ സഹോദരനായ ഷാജു കുഴികണ്ടത്തിൽ, മരുമകൻ ഡെന്നിസ് പാലക്കാട്ട് എന്നിവർ ചേർന്ന് നിർമ്മിച്ച് നൽകിയ സ്നേഹഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ആഗസ്റ്റ് 29 ശനിയാഴ്ച നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ് ഹാർട്ട് ലിങ്ക്സ് ചാരിറ്റബിൾ ടീമിന്റെ ഉദ്ഘാടന കർമ്മം ശ്രീ. ഷാജു കുഴികണ്ടത്തിലിനെ ആദ്യ അംഗമായി ചേർത്തുകൊണ്ട് നിർവഹിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# മനോമയ കൗൺസിലിംങ്സെന്റർ

## മനോമയ കൗൺസിലിംങ്സെന്റർ തിരൂരിൽ പ്രവർത്തനം തുടങ്ങി

തിരൂർ: മാനസികാരോഗ്യം പരിപോഷിക്കുന്നതിലൂടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ തിരൂരിലെ പ്രഥമ ക്ലിനിക്കൽ സൈക്കോളജി സെന്ററായ മനോമയ തിരൂർ താഴെപാലത്ത് സെന്റ് മേരീസ് പള്ളിക്ക് സമീപമുള്ള കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. മഞ്ചേരി സെന്റ് ജോസഫ് പള്ളി വികാരി ഫാ. ടോമി കളത്തൂർ, മലപ്പുറം ഫൊറോനയിലെ ബഹുമാനപ്പെട്ട വൈദികരുടെ സാന്നിദ്ധ്യത്തിൽ കൗൺസിലിംഗ് സെന്റർ ആശീർവദിക്കുകയും, തിരൂർ MLA ശ്രീ. സി. മമ്മൂട്ടി എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ചീഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഫാ. ഡോ. വിൽസൺ മുട്ടത്തുകുന്നേൽ, അഡ്വ. കെ.എ. പത്മകുമാർ, അഡ്വ. ദിനേശ് പൂക്കയിൽ, കൗൺസിലർ മുനീറ കിഴക്കാംകുന്നത്ത് എന്നിവർ പങ്കെടുത്തു . കോഴിക്കോട് കേന്ദ്രമായാണ് മനോമയ പ്രവർത്തിച്ചു തുടങ്ങിയത്. കുട്ടികളുടെ പഠന വൈകല്യങ്ങൾക്കും സ്വഭാവ പെരുമാറ്റ വൈകല്യങ്ങൾക്കുള്ള കൗൺസിലിംങ്, യുവജന പ്രശ്നങ്ങൾക്കുള്ള കൗൺസിലിംങ്, ദാമ്പത്യ പ്രശ്നങ്ങൾക്കുള്ള കൗൺസിലിംങ്, ഉത്കണ്ഠ, മാനസിക സമ്മർദ്ദം, അകാരണഭയം, വിഷാദം,തുടങ്ങിയവക്കുള്ള കൗൺസിലിംങ് ഉൾപ്പെടെയുള്ള ചികിത്സകൾ ഇവിടെ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 9 am 1.30 pm കോഴിക്കോട് മനോമയിലും 4 pm 8.00 pm വരെ തിരുർ മനോമയയിലും കൗൺസലിംഗ് സേവനങ്ങൾ ലഭ്യമാണ്. ഈ സ്ഥാപനത്തിലെ സേവനങ്ങൾക്കായി 9495548035, 9497303165 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

**ഫാ. വിൽസൺ മുട്ടത്തുകുന്നേൽ**
ഡയറക്ടർ, മനോമയ കൗൺസിലിംങ് സെന്റർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## ഡിപ്ലോമ എം എസ് സി പുതിയ ബാച്ചുകളുടെ ഉദ്ഘാടനം

ഡിപ്ലോമ, എം എസ് സി കൗൺസിലിംഗ് സൈക്കോളജി കോഴ്സുകളുടെ പുതിയ ബാച്ചുകളുടെ ഉദ്ഘാടനം സൂം പ്ലാറ്റ്ഫോം ഓൺലൈൻ മീറ്റിംഗിൽ ഓഗസ്റ്റ് 9-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് താമരശ്ശേരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു.

ജെ.പി.ഐ ഫാക്കൽറ്റി ഡോ. റിതിക ആമുഖവും സി.എം.ഐ ഡയറക്ടർ ഡോ. കുര്യൻ പുരമഠം ഏവരേയും സ്വാഗതം ചെയ്തു.

സിംഗാനിയ സർവ്വകലാശാല വൈസ് ചാൻസലറുടെ സന്ദേശം സദസ്സിന് കൈമാറി. ഡോ. ഷിബു (ഡയറക്ടർ പി.എം.ഒ.സി. ഡയറക്ടർ), ഡോ. അനീഷ് (ഫാക്കൽറ്റി), മിസ്റ്റർ ജോസി, മിസ്റ്റർ ഷൈജൽ, ശ്രീമതി ശോഭിത, സി. ജിൻസി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മിസ്റ്റർ ജലീൽ ഗാനവും ആലപിച്ചു.

മറ്റുള്ളവരെ മനസിലാക്കാനും സഹായിക്കാനും സ്വയ അവബോധത്തിന്റെ ആവശ്യകത വിശദീകരിച്ചുകൊണ്ടും വിശുദ്ധ യോഹന്നാൻ 4-ാം അധ്യായത്തിലെ യേശുവും സമരിയാക്കാരിയും തമ്മിലുള്ള സംവാദം വ്യാഖ്യാനിച്ചുകൊണ്ട് നല്ല കൗൺസിലറിന്റെയും കൗൺസിലിംങിന്റെയും ഗുണങ്ങൾ-നന്മകൾ അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ബിഷപ്പ് മാർ റെമീജിയോസ് ഏവരേയും ഉദ്ബോധിപ്പിച്ചു.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കൗൺസിലിംഗിന്റെ സമീപകാല പ്രവണതകളും വെല്ലുവിളികളും എന്ന വിഷയത്തെക്കുറിച്ച് ഡോ. റെന്നി മാനുവൽ പവർപോയിന്റ് പ്രസന്റേഷനിലൂടെ വിശദീകരിച്ചു. അന്താരാഷ്ട്ര മെഡിക്കൽ ജേണലായ 'ദി ലാൻസെറ്റിൽ' പ്രസിദ്ധീകരിച്ച കോവിഡ് കാലത്തെ ക്വാറന്റൈയിൻ മനുഷ്യനിൽ വരുത്തുന്ന പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠനത്തെ വിവരിച്ചുകൊണ്ട് അതിനെ മറികടക്കാൻ അമേരിക്കൻ സൈക്കോളജിസ്റ്റും പോസിറ്റീവ് സൈക്കോളജിയുടെ വക്താവുമായ മാർട്ടിൻ സെലിഗമാന്റെ വ്യക്തിഗത സന്തോഷം വളർത്തുന്ന നിരവധി മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. സ്വയം ശുഭാപ്തി വിശ്വാസത്തിൽ വളർന്നു മനസിനെ ശക്തിപ്പെടുത്തി അതു മറ്റുള്ളവരിലും എത്തിക്കാൻ പരിശ്രമിക്കാം.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## MTC Online Course

ജൂൺ 15 നു അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച് ആരംഭിച്ച MTC e-learning Course വിജയകരമായി പുരോഗമിക്കുന്നു. ഇതുവരെ റെഗുലർ കോളേജുകളിൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കാത്ത പശ്ചാത്തലത്തിൽ ഇപ്പോഴും അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ മാസത്തെ താമരമൊട്ടിൽ സൂചിപ്പിച്ചിരുന്നതുപോലെ ഈ കോഴ്സുവഴി കുട്ടികൾക്ക് ക്ലാസ്സുകൾക്കുപുറമേ, ഹോംവർക്കുകൾ, പരീക്ഷകൾ, ഉപരിപഠനം മികവുറ്റതാക്കുന്നതിന് സഹായകമായ മറ്റു മാർഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നു. സ്റ്റാർട്ടിനോട് ചേർന്ന് ഈ തീവ്രയജ്ഞത്തിൽ സഹകരിക്കുന്ന എല്ലാവരേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു.

## Mini Master online course

നമ്മുടെ സൺഡേ സ്കൂൾ കുട്ടികൾക്കുവേണ്ടി രൂപതാ മതബോധന കേന്ദ്രവും സ്റ്റാർട്ടും സംയുക്തമായി സംഘടിപ്പിക്കുന്ന മിനിമാസ്റ്റർ e-learning course ഓഗസ്റ്റ് ഒന്നു മുതൽ ആരംഭിച്ചു. 8,9,10,11,12 ക്ലാസുകളിലെ ഒരു പറ്റം സമർത്ഥരായ കുട്ടികൾ ഉത്സാഹത്തോടെ പങ്കെടുത്തുവരുന്നു.

കോവിഡ് ഭയം നിമിത്തം സ്കൂൾ പതിവുപോലെ നടക്കാത്ത സാഹചര്യത്തിൽ മിടുക്കരായ കുറെ കുട്ടികൾക്കെങ്കിലും ഇങ്ങനെ ഒരു തീവ്രപരിശീലനത്തിന് വഴിയൊരുക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി കരുതണം. ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇംഗ്ലീഷ് പഠനം, അടിസ്ഥാനഗണിതം, യുക്തിവിചാരം (Logical Reasoning), പൊതുവിജ്ഞാനം, ലക്ഷ്യബോധം, സുവിശേഷ മൂല്യങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാന വിഷയങ്ങൾ ഉൾപ്പെടുത്തിയതാണ് ഈ പഠനപരിപാടി. MTC e-learning course ന്റെ മാതൃകയിൽ സ്റ്റാർട്ടിന്റെ വെബ്സൈറ്റ് വഴി കുട്ടികൾക്ക് ക്ലാസ്സുകൾ, ഹോംവർക്കുകൾ, പരീക്ഷകൾ, മറ്റു മാർഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നു. ബഹു. വികാരിയച്ചന്മാരുടെയും സൺഡേ സ്കൂൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി അറിയിക്കുന്നു.

**ഫാ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# കരിസ്മാറ്റിക് മൂവ്മെന്റ്

**2020 ആഗസ്റ്റ് മാസത്തെ റിപ്പോർട്ട്**

ദൈവം ഈ നാളുകളിൽ വർഷിച്ചുകൊണ്ടിരിക്കുന്ന വലിയ നന്മകളോർത്ത് ദൈവത്തിന് നന്ദി പറയാം. പ്രത്യേകമായി വിപരീത സാഹചര്യത്തിൽ പ്രത്യാശയോടെ അവിടുത്തെ മഹത്വത്തിനായി ഒരുക്കുന്ന നിരവധിയായ കൂട്ടായ്മയോർത്തു നന്ദി പറയാം. 21.07.20202 ന് പാരീഷ് മിനിസ്ട്രി സെൻട്രൽ ടീമും സോണൽസർവ്വീസ് ടീമും വീഡിയോ കോൺഫ്രൻസിലൂടെ ഒരുമിച്ചു കൂടുകയും പരി. പിതാവിന്റെ ആഹ്വാനമനുസരിച്ച് പരിശുദ്ധാത്മാവിൽ നവജീവിതം (Life in the spirit seminar) ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. 29.07.2020 കെ.സി.സി. ആർ.എസ്.റ്റി. ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി അച്ചനും ടീമഗങ്ങളും കോഴിക്കോട് സോണൽ ആനിമേറ്റർ റവ. ഫാ. സൈമൺ അച്ചനും ടീമംഗങ്ങളും ഒന്നിച്ച് ഗൂഗിൾമീറ്റിലൂടെ ഒന്നിച്ചിരുന്നു. സോണൽ കോർഡിനേറ്റർ എല്ലാവരേയും സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. സോണിൽ നടന്നുകൊണ്ടിരിക്കുന്ന ചാരിറ്റി പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും കെ.സി.സി.ആർ. എസ്.റ്റി അഭിനന്ദിച്ചു. കൂടുതലായി ലീഡർഷിപ്പ് ട്രെയ്നിംഗ്, എൽ.എസ്.എസ്. ക്രിസ്റ്റീൻ, യൂത്ത് മേഖലകളെ ബലപ്പെടുത്താൻ സാധിക്കട്ടെ എന്ന് ആശംസിച്ചു. പരസ്പരം ഉള്ളു തുറക്കാനും, പങ്കുവയ്ക്കുവാനും പദ്ധതികൾ പ്ലാൻ ചെയ്യാനും ഉപകരിച്ചു. 15.8.2020 ന് കൂരാച്ചുണ്ട് സബ്സോൺ കോർഡിനേറ്ററുടെ നേതൃത്വത്തിൽ സൈമണച്ചനും, കോർഡിനേറ്റർ ജോൺസൻ സാറും ഒരുമിച്ചുകൂടിയത് വലിയ അനുഗ്രഹമായി. അന്നേ ദിവസംതന്നെ മദ്ധ്യസ്ഥപ്രാർത്ഥന മലബാർ റീജിയനും സോണൽ കോർഡിനേറ്റർ ബാബു സാറും ടീമംഗങ്ങളും ഒന്നുചേർന്ന് തിരുസഭയ്ക്കും മാനസാന്തരത്തിനും, സുവിശേഷവത്ക്കരണത്തിനും കൊറോണയ്ക്കും കൊറോണ, കർഷകർക്കും വേണ്ടി ആത്മാർത്ഥമായ പ്രാർത്ഥിച്ചു.

20.8.202 ന് സോണൽ സർവ്വീസ് ടീം ഒന്നിച്ചുകൂടി എൽ.എസ്.എസ്, ലീഡർഷിപ്പ്, ക്രിസ്റ്റീൻ ധ്യാം ആഗസ്റ്റ് 29 മുതൽ ചർച്ച ചെയ്ത് മിനിസ്ട്രികൾ & സബ്സോണുകൾ എല്ലാ മേഖലയിലും കൂട്ടായ്മ ഉണ്ടാകാനും ആഗ്രഹിച്ച ബഹു. സൈമൺ അച്ചൻ വചനസന്ദേശവും അഭിഷേക പ്രാർത്ഥനയും നടത്തി. സന്തോഷത്തോടെ പിരിഞ്ഞു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# അജപാലനക്കുറിപ്പുകൾ

ആഗസ്റ്റ് 2020

01. രാവിലെ മുക്കം ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തേ കുഞ്ഞിന് മാമ്മോദീസ നൽകി.

02. താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ ഉപകാരികളുടെ ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

03 – 07. പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ താമസിച്ച് മെത്രാൻമാർക്കായുള്ള കെ.സി.ബി.സി. വാർഷിക ധ്യാനത്തിൽ ഓൺലൈനായി സംബന്ധിച്ചു.

08. ഓൺലൈനായി നടന്ന കെ.സി.ബി.സി സമ്മേളനത്തിൽ പങ്കെടുത്തു.

09. രാവിലെ, ഓൺലൈനിൽ നടത്തിയ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

വൈകുന്നേരം ലോക സമാധാനദിനത്തോടനുബന്ധിച്ച് വൈ.എം.സി.എ. സംഘടിപ്പിച്ച വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

മേരിക്കുന്ന് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ കോഴ്സുകളുടെ ഓൺലൈനിൽ സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് കോഴ്സുകൾ ഉദ്ഘാടനം ചെയ്തു.

10. രാവിലെ ഓൺലൈൻ ആയി നടത്തിയ നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

11. രാവിലെ താമരശ്ശേരി എഫ്.സി.സി. സ്നേഹനിവാസ് കോൺവെന്റിൽ വി. ക്ലാരയുടെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

ദീപിക അപെക്സ് ബോർഡ് വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

12. രാവിലെ പത്തനംതിട്ട ചിറ്റാറിൽ വനപാലകരുടെ കസ്റ്റഡിയിൽ കൊല്ലപ്പെട്ട മത്തായിയുടെ (പൊന്നു) കുടുംബാംഗങ്ങളെ സന്ദർശിക്കുകയും തുടർന്ന് മത്തായിയുടെ കുടുംബാംഗങ്ങൾക്ക് നീതി നടപ്പാക്കിക്കൊടുക്കണം എന്നാവശ്യപ്പെട്ട് പത്തനംതിട്ടയിൽ നടന്ന സമരപരിപാടികളിൽ പങ്കെടുക്കുകയും കേരളത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള കർഷകപ്രതിനിധികൾ ഉൾപ്പെട്ട രാഷ്ട്രീയ കിസാൻ മഹാ സംഘിന്റെ നേതൃത്വത്തിൽ നടന്ന ഉപവാസ സമരം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13. രാവിലെ കൂടത്തായി എഫ്.സി.സി. കോൺവെന്റിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

സീറോ മലബാർ സിനഡ് പബ്ലിക് അഫയേർസ് കമ്മറ്റി സംഘടിപ്പിച്ച വെബിനാറിൽ സംബന്ധിച്ചു.

14. രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു. ക്ലാസ്സെടുത്തു.

താമരശ്ശേരി അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപകരുമായി കൂടിക്കാഴ്ച നടത്തി.

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയുടെ സെമിനാരി കമ്മീഷൻ അംഗങ്ങളുടെ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

15. രാവിലെ രൂപതാഭവനത്തിൽ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനോടനുബന്ധിച്ച് ഭവനാംഗങ്ങളോടുകൂടി വി. കുർബ്ബാനയർപ്പിക്കുകയും ഇന്ത്യയുടെ 74-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പതാകയുയർത്തുകയും ചെയ്തു.

ഫൊറോന വികാരിമാരുമായി വീഡിയോ കോൺഫറൻസ് നടത്തി.

എ.കെ.സി.സി. ഭാരവാഹികളുടെ ഓൺലൈൻ ആയി നടത്തിയ മീറ്റിങ്ങിൽ പങ്കെടുത്തു.

ജീസസ് യൂത്ത് വീഡിയോ കോൺഫറൻസിൽ യുവജനങ്ങളെ അഭിസംബോധന ചെയ്തു.

16. രാവിലെ മാലാപറമ്പ് എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ഏതാനും സന്യാസിനികളുടെ സുവർണ്ണജൂബിലിയോനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

17. രാവിലെ പി.എം.ഒ.സി. യിൽ വെച്ചു നടന്ന ദീപിക നേതൃയോഗത്തിൽ പങ്കെടുത്തു.

18 – 21. വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോ മലബാർ ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

19. വൈകുന്നേരം കുപ്പായക്കോട് ഇടവകയിൽ ബഹു. ജേക്കബ് കാരക്കുന്നേലച്ചന്റെ പിതാവ്, പരേതനായ മാത്യു കാരക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

21. രാവിലെ പയ്യനാട് ഇടവകയിൽ ബഹു. തോമസ് ചുവപ്പുങ്കൽ അച്ചന്റെ പിതാവ് പരേതനായ ജോസഫ് ചുവപ്പുങ്കലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

22. രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു. ക്ലാസ്സെടുത്തു.

വൈകുന്നേരം താമരശ്ശേരി രൂപതാ ലിറ്റർജിക്കൽ കമ്മറ്റി സംഘടിപ്പിച്ച വെബിനാറിൽ ക്ലാസ്സെടുത്തു.

23. രാവിലെ ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ലീമായിലെ വി. റോസയുടെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

എ.കെ.സി.സി.യുടെ വർക്കിംഗ് കമ്മറ്റി ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

24. രാവിലെ താമരശ്ശേരി അൽഫോൻസ ഭവൻ കപ്പേളയിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 34-ാം മെത്രാഭിഷേക ദിനത്തോടനുബന്ധിച്ച് ചിറ്റിലപ്പിള്ളി പിതാവിനോടും ഭവനാംഗങ്ങളോടുമൊപ്പം വി. കുർബ്ബാനയർപ്പിച്ചു.

25. രാവിലെ കുന്ദമംഗലം ആൽഫ അക്കാഡമിയിലും, സ്റ്റാർട്ടിലും കരുണഹോസ്റ്റലിലും താത്കാലികമായി താമസിച്ച് പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ചു.

കോഴിക്കോട് ദീപിക ആസ്ഥാനം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

26. രാവിലെ തിരുവമ്പാടി അൽഫോൻസ കോളേജ് സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയതു.

ജെ.പി.ഡി. കമ്മീഷൻ കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായി ചേർന്ന വെബിനാറിൽ പങ്കെടുത്തു.

ഫൊറോനവികാരിമാരുമായി വീഡിയോ കോൺഫറൻസ് നടത്തി.

27. രാവിലെ രൂപതാകോടതിഅംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

തിരുവമ്പാടി അൽഫോൻസ കോളേജ് ട്രസ്റ്റ് യോഗത്തിൽ പങ്കെടുത്തു.

വൈകുന്നേരം രൂപതാ ഭവനിൽ ഭവനാംഗങ്ങളോടൊപ്പം മാസധ്യാനത്തിൽ പങ്കുചേർന്നു.

28. രാവിലെ എ.കെ.സി.സി. ഓൺലൈനിൽ സംഘടിപ്പിച്ച പ്രത്യേക കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് പെരിന്തൽമണ്ണ മേഖല ഓൺലൈനായി സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

29. രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു. ക്ലാസ്സെടുത്തു.

എ.കെ.സി.സി. കോടഞ്ചേരിയിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം ഓൺലൈനിൽ സംഘടിപ്പിച്ച രൂപത പ്രസ്ബിറ്റേറിയം വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

31. രൂപതാഭവനിൽ സംഘടിപ്പിച്ച ഭവനാംഗങ്ങളുടെ ഓണാഘോഷങ്ങളിൽ സംബന്ധിച്ചു.



# 10 Quotes to Help You Meditate on the Exaltation of the Holy Cross



1. “Everything is a reminder of the Cross. We ourselves are made in the shape of a cross.” – St John Vianney

2. “Do you want to become a great saint? Ask God to send you many sufferings. The flame of Divine Love never rises higher than when fed with the wood of the Cross, which the infinite charity of the Savior used to finish His sacrifice.” – Saint Ignatius of Loyola.

3. “In difficult moments, I will fix my gaze upon the silent Heart of Jesus stretched on the Cross, and from the exploding flames of His merciful Heart, will flow down upon me power and strength to keep fighting.” – St. Faustina

4. “I have been crucified with Christ. It is no longer I who live, but Christ who lives in me. And the life I now live in the flesh I live by faith in the Son of God, who loved me and gave himself for me.” Galatians 2:20

5.“The everlasting God has in His wisdom foreseen from eternity the cross He now presents to you as a gift from His inmost heart. -St. Francis de Sales

6. “If you seek patience, you will find no better example than the cross. Christ endured much on the cross, and did so patiently, because when he suffered he did not threaten; he was led like a sheep to the slaughter and he did not open his mouth.” – St. Thomas Aquinas

7. “If anyone would come after me, let him deny himself and take up his cross and follow me.” Mark 8:34

8. “This is the “folly” of the cross: a folly capable of changing our sufferings into a declaration of love for God and mercy for our neighbor.” – Pope-emeritus Benedict XVI

9. “Apart from the cross there is no other ladder by which we may get to heaven.“ – Saint Rose of Lima

10. “For God so loved the world that he gave his only Son, so that everyone who believes in him might not perish but might have eternal life” – John 3:16-17